بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാള്യം 10

ലക്കം 04

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2025 ജനുവരി 23 /ഹി.ശം 1404 സ്വുൽഹ് 23/ഹി:ഖ 1446 റജബ് 22

## അല്ലാഹുവിന്റെ വചനം

رَبَّنَاۤ اِنَّکَ مَنۡ تُدۡخِلِ النَّارَ فَقَدۡ اَخۡزَیۡتَہٗ ؕ وَمَا لِلظّٰلِمِیۡنَ مِنۡ اَنۡصَارٍ○(آل عمران:193)

ഞങ്ങളുടെ നാഥാ! നീ ആരെയെങ്കിലും നരകത്തിൽ പ്രവേശിപ്പിക്കുന്നതായാൽ നീ അവനെ തീർച്ചയായും നിന്ദ്യനാക്കിക്കഴിഞ്ഞു. അക്രമികൾക്ക് സഹായികളാരും ഇല്ലതന്നെ.

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

### തിരുനബിﷺയുടെ തിരുവചനങ്ങൾ:

അതിമോഹത്തിൽനിന്ന് രക്ഷപ്പെട്ടുകൊള്ളുക. ഈ തിന്മയാണ് മുമ്പേയുള്ളവരെ നശിപ്പിച്ചത്.

തന്റെ ആത്മാവിന്റെ കണക്കെടുത്തുകൊണ്ടിരിക്കുന്നവനും മരണാനന്തര ജീവിതത്തിനുവേണ്ടി പണിയെടുക്കുന്നവനുമാണ് ബുദ്ധിമാൻ.

ആരാണോ അല്ലാഹുവിനുവേണ്ടി മസ്ജിദ് നിർമിക്കുന്നത് അല്ലാഹുവും അവനു വേണ്ടി ജന്നത്തിൽ അതേപോലെ വീടു നിർമിക്കുന്നതായിരിക്കും.

**എന്റെ മതമിതാണ്; ആദരണീയരായ സ്വഹാബത്തിന്റെ സംശുദ്ധമായ മാതൃകകളും മാറ്റങ്ങളും ജനങ്ങളെ അത്ഭുതപ്പെടുത്തിയതുപോലെ അമാനുഷികമായിട്ടുണ്ടായ അത്ഭുതങ്ങൾ അവരെ അത്ര സ്വാധീനിച്ചില്ല. വലിയ വലിയ ദ്രോഹികൾ വന്ന് നബിﷺതിരുമേനിയുടെ കൈയിൽ മാനസാന്തരപ്പെട്ടു. എന്തുകൊണ്ട്? സ്വഹാബത്തിലുണ്ടായ മഹത്തായ മാറ്റവും അവരുടെ വിശ്വാസത്തിന്റെ മാതൃകയും അവരെ ലജ്ജിതരാക്കിയിരുന്നു.**

ഒരാൾ തന്റെ സമസൃഷ്ടികളോടു സഹതാപം വികാരം കാണിക്കുന്നില്ലെങ്കിൽ അവൻ പിശുക്കനാണെന്നത് തീർച്ചയായ കാര്യമായിരിക്കും. നന്മയുടേയും സൽക്കർമത്തിന്റേയും ഒരു വഴി ഞാൻ കാണുകയാണെങ്കിൽ അത് ഉറക്കെ ഉറക്കെ ജനങ്ങളോടു പറയേണ്ടത് എന്റെ നിർബന്ധ കടമയാണ്;ആരെങ്കിലും അതനുസരിച്ച് പ്രവർത്തിക്കുന്നുണ്ടോ എന്ന് നോക്കേണ്ട കാര്യം എനിക്കില്ല. ജീവനുള്ള പ്രകൃതക്കാരനായ ഒരാളെങ്കിലും പുറത്തുവരികയാണെങ്കിൽ അത് മതിയായതാണ്. എന്തൊന്ന് ഞാൻ നിങ്ങളോടു പറയുന്നുവോ അത് പ്രതിഫലോദ്ദേശ്യത്തോടെ അല്ലെന്ന കാര്യം ഞാൻ പരസ്യമായി വിവരിക്കുകയാണ്. അതെനിക്ക് ചേർന്നതല്ല. ഞാനെന്റെ മനസ്സിൽ വളരെ ആവേശവും വേദനയും അനുഭവിക്കുന്നു;ഈ ആവേശത്തിന്റെ കാരണം അറിയില്ലെങ്കിൽത്തന്നെയും. എന്നാൽ, ഈ ആവേശം അടങ്ങുകയില്ലെന്നതിൽ അല്പംപോലും സംശയമില്ല. അതുകൊണ്ട് നിങ്ങൾ ഇക്കാര്യങ്ങളെ, ഒരുപക്ഷേ, ഇനി ഇയാളെ കാണാൻ കഴിഞ്ഞില്ലെങ്കിലോ എന്നു കരുതുകയും ഇയാളുടെ വസ്വിയ്യത്താണെന്ന് മനസ്സിലാക്കുകയും ചെയ്ത് ഒരു മാതൃകയെന്നോണം അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക. എന്നിൽനിന്ന് ദൂരത്ത് കഴിയുന്നവർക്ക് നിങ്ങളുടെ വാക്കും പ്രവൃത്തിയുംകൊണ്ട് മനസ്സിലാക്കിക്കൊടുക്കുക. ഇക്കാര്യത്തിനല്ലെങ്കിൽ, കർമം ചെയ്യേണ്ട ആവശ്യമില്ലെങ്കിൽ ഇവിടെ വന്നതിന്റെ ഉദ്ദേശ്യമെന്താണെന്ന് എന്നോടു പറയുക. ഞാൻ രഹസ്യമായ പരിവർത്തനം ആഗ്രഹിക്കുന്നില്ല. ശത്രുക്കൾ കണ്ട് ലജ്ജിതരാകുംവിധം പ്രകടമായ പരിവർത്തനമാണ് ഉദ്ദേശിക്കുന്നത്. ജനങ്ങളുടെ മനസ്സുകളിൽ ഏകപക്ഷീയമായ വെളിച്ചം പതിയണം. വഴികേടിൽ വീണു കിടക്കുന്നതിൽ എതിരാളികൾ നിരാശരുമാകണം. വലിയ വലിയ ദ്രോഹികൾ വന്ന് നബിﷺ തിരുമേനിയുടെ കൈയിൽ മാനസാന്തരപ്പെട്ടു. എന്തുകൊണ്ട്? സ്വഹാബത്തിലുണ്ടായ മഹത്തായ മാറ്റവും അവരുടെ വിശ്വാസത്തിന്റെ മാതൃകയും അവരെ ലജ്ജിതരാക്കിയിരുന്നു.

### ഇക്‌രിമയുടെ സംശുദ്ധമായ മാതൃക

ഇക്‌രിമയുടെ അവസ്ഥ നിങ്ങൾ കേട്ടിട്ടുണ്ടാകും. ഉഹുദിലെ വിനാശത്തിന്റെ അടിസ്ഥാന കാരണക്കാരൻ ഇയാളായിരുന്നു. ഇയാളുടെ പിതാവായിരുന്നു അബൂജഹ്ൽ. പക്ഷേ, അവസാനം ആദരണീയരായ സ്വഹാബിത്തിന്റെ മാതൃകകൾ ഇയാളെ നാണംകെടുത്തി. എന്റെ മതമിതാണ്; ആദരണീയരായ സ്വഹാബത്തിന്റെ സംശുദ്ധമായ മാതൃകകളും മാറ്റങ്ങളും ജനങ്ങളെ അത്ഭുതപ്പെടുത്തിയതുപോലെ അമാനുഷികമായിട്ടുണ്ടായ അത്ഭുതങ്ങൾ അവരെ അത്ര സ്വാധീനിച്ചില്ല. തങ്ങളുടെ പിതൃസഹോദര പുത്രൻ എവിടെനിന്ന് എവിടെയെത്തി എന്നുകണ്ട് അവർ അത്ഭുതപ്പെട്ടുപോയി!! അവസാനം അവർ തങ്ങളെ വഞ്ചിക്കപ്പെട്ടവരായി മനസ്സിലാക്കി. ഇക്‌രിമ ഒരിക്കൽ നബിﷺതിരുമേനിയുടെമേൽ ആക്രമണം നടത്തിയിരുന്നു. മറ്റൊരു നേരത്ത് സത്യനിഷേധികളുടെ സൈന്യത്തെ തകർത്ത് തരിപ്പണമാക്കുകയും ചെയ്തു. ചുരുക്കിപ്പറഞ്ഞാൽ നബിﷺതിരുമേനിയുടെ കാലഘട്ടത്തിൽ സ്വഹാബത്ത് കാണിച്ച പരിശുദ്ധ മാതൃകകൾ ഇന്ന് നമുക്ക് അഭിമാനത്തോടുകൂടി പ്രമാണങ്ങളുടേയും അടയാളങ്ങളുടേയും രൂപത്തിൽ വിവരിക്കാൻ കഴിയുന്നതാണ്. ഇക്‌രിമയുടെതന്നെ മാതൃക നോക്കുക! അവിശ്വാസത്തിന്റെ നാളുകളിൽ ഉറച്ച അവിശ്വാസം!അഹങ്കാരം തുടങ്ങിയ ദുഃസ്വഭാവങ്ങൾ തന്റെ ഉള്ളിൽ വെച്ചിരുന്നു. കഴിയുമെങ്കിൽ ഇസ്‌ലാമിനെ ലോകത്തുനിന്ന് ഉന്മൂലനം ചെയ്യണമെന്ന് ആഗ്രഹിച്ചിരുന്നു. എന്നാൽ, അല്ലാഹുവിന്റെ കൃപാതിരേകം അയാളെ സംരക്ഷിക്കുകയും അയാൾ ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തപ്പോൾ എത്തരത്തിലുള്ള സൽക്കർമങ്ങളാണുണ്ടായതെന്നാൽ, അഹങ്കാരത്തിന്റേയും അഹന്തയുടേയും പേരുപോലും ബാക്കിയായില്ല;വിനയവും എളിമയുമുണ്ടായി. അങ്ങനെ അയാൾ 'ഹുജ്ജത്തുൽഇസ്‌ലാം' ആയി. ഇസ്‌ലാമിന്റെ സത്യസാക്ഷ്യത്തിന് ഒരു തെളിവായി മാറി. ഒരവസരത്തിൽ അവിശ്വാസികളുമായി പോരാട്ടമുണ്ടായി. ഇക്‌രിമ ഇസ്‌ലാമിക സൈന്യത്തിന്റെ സേനാധിപനായിരുന്നു. അവിശ്വാസികൾ പൊരിഞ്ഞ പോരാട്ടമാണ് നടത്തിയത്. ഇസ്‌ലാമികസൈന്യം പരാജയപ്പെടുമെന്ന് ഘട്ടത്തിലേക്കു നീങ്ങി. ഇക്‌രിമ ഇതുകണ്ടപ്പോൾ കുതിരപ്പുറത്തുനിന്നിറങ്ങി. താങ്കൾ എന്തിനാണ് ഇറങ്ങിയതെന്ന് ആളുകൾ ചോദിച്ചു; ഇങ്ങോട്ടോ അങ്ങോട്ടോ നീങ്ങേണ്ടിവന്നാൽ കുതിര സഹായിക്കുമല്ലോ? അദ്ദേഹം പറഞ്ഞു: 'എനിക്കിപ്പോൾ അല്ലാഹുവിന്റെ ദൂതരുമായിപോരാടിയ ആ നേരം ഓർമവന്നു. ജീവൻകൊടുത്ത് പാപങ്ങൾക്കു പ്രായശ്ചിത്തം ചെയ്യണമെന്ന് ഞാനാഗ്രഹിക്കുന്നു.' നോക്കുക! എവിടെനിന്ന് എവിടംവരെ എത്തി അവസ്ഥ. ആവർത്തിച്ചാവർത്തിച്ച് സ്തുത്യർഹമായ ഗുണങ്ങൾകൊണ്ട് സ്മരിക്കപ്പെട്ടു. തങ്ങളുടെ ഉള്ളിൽ അല്ലാഹുവിന്റെ തൃപ്തി നിക്ഷേപിക്കുന്നവരുടെ കൂടെയാണ് അവന്റെ തൃപ്തി ഉണ്ടാകുന്നതെന്നോർക്കുക. അല്ലാഹു പലയിടത്തും അവരെ റളിയല്ലാഹു അൻഹും എന്ന് പറഞ്ഞു. ഈ ഉൽകൃഷ്ട സ്വഭാവം ഓരോരുത്തരും പാലിക്കുക എന്നതാണ് എന്റെ ഉപദേശം.

### ശരിയായ വിശ്വാസങ്ങളും ശരിയായ കർമങ്ങളും

ഇതിനു പുറമെ രണ്ടുഭാഗം വേറേയുമുണ്ട്. അത് മുന്നിൽ വെക്കുക എന്നതാണ് ആത്മാർഥനായ സത്യവാന്റെ

ശേഷം പേജ് 8 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്ബ ജുമുഅ

**“നബിﷺതിരുമേനി തുടക്കത്തിൽത്തന്നെ പറഞ്ഞിരുന്നു: ഏതെങ്കിലും മുസ്‌ലിം മദീനയിൽനിന്ന് മുഖം തിരിച്ച് പോകുകയാണെങ്കിൽ അതൊരു വൃത്തികെട്ട അവയവമാണ്. അത് മുറിച്ചു നീക്കുന്നതു തന്നെയാണ് ഉത്തമം. എന്നാൽ, അതിനുപകരം ആരെങ്കിലും സത്യഹൃദയത്തോടെ മുസ്‌ലിമായി മക്കയിൽനിന്ന് പുറപ്പെടുകയാണെങ്കിൽ അയാൾക്ക് മദീനയിലിടം കിട്ടിയാലുമില്ലെങ്കിലും എവിടെയായിരുന്നാലും ഇസ്‌ലാമിന് ശക്തി പകരാൻ കാരണമാവുകയും ഒടുവിൽ അല്ലാഹു അയാൾക്ക് വേണ്ടി ഏതെങ്കിലും വഴി തുറന്നു കൊടുക്കുകയും ചെയ്യുന്നതായിരിക്കും.”** *(സീറത്ത് ഖാത്തമുന്നബിയ്യീൻ)*

**“നബിﷺതിരുമേനി പറഞ്ഞു: അല്ലയോ അബൂബസീറേ! നിങ്ങൾക്കറിയാം. ഞാൻ ഈ ആളുകളുമായി ഉടമ്പടിയിൽ ഏർപ്പെട്ടിരിക്കുന്നു. നമ്മുടെ മതത്തിൽ ഉടമ്പടി ലംഘിക്കുന്നത് അനുവദനീയമല്ല. “നിങ്ങൾ ഇവരോടൊപ്പം തിരിച്ചുപോവുക. നിങ്ങൾ സഹനവും സ്ഥൈര്യവുമായി ഇസ്‌ലാമിൽ ഉറച്ചു നിൽക്കുകയാണെങ്കിൽ നിങ്ങൾക്കും നിങ്ങളെപ്പോലുള്ള നിസ്സഹായരായ മറ്റു മുസ്‌ലിമീങ്ങൾക്കും അല്ലാഹു താൻതന്നെ ഏതെങ്കിലും രക്ഷപ്പെടാനുള്ള മാർഗം തുറന്നു തരുന്നതാണ്.”**

**മക്കയിലെ ഒളിഞ്ഞിരുന്നവരും ദുർബലരുമായ മുസ്‌ലിമീങ്ങൾ, അബൂബസീർ മറ്റൊരു പാർട്ടി ഉണ്ടാക്കിയിരിക്കുന്നു വെന്നറിഞ്ഞപ്പോൾ മെല്ലെ മെല്ലെ മക്കയിൽനിന്ന് പുറപ്പെട്ട് സീഫുൽബഹ്റിലെത്തി.**

**കുറച്ചുകാലത്തിനുള്ളിൽത്തന്നെ ഖുറയ്ശികൾ ആയുധങ്ങൾ താഴെ വെച്ചു. അബുബസീറിന്റെ പാർട്ടിയുടെ ആക്രമണത്തിൽ പൊറുതിമുട്ടി നബിﷺതിരുമേനിയുടെ സന്നിധിയിൽ ഒരു ദൂതൻ മുഖേന തങ്ങളുടെ ബന്ധം പറഞ്ഞുകൊണ്ട് നബിﷺതിരുമേനിയോടു, സീഫുൽബഹ്റിലെ മുഹാജിരീങ്ങളെ മദീനയിൽ വിളിച്ച് അങ്ങയുടെ രാഷ്ട്രീയപരമായ വ്യവസ്ഥിതിയിൽ ഉൾപ്പെടുത്താൻ അപേക്ഷിച്ചു. അതിനോടൊപ്പം മക്കയിലെ പുതുമുസ്‌ലിമീങ്ങൾക്ക് മദീനയിൽ അഭയം നല്കുകയില്ലെന്ന നിബന്ധനയും അവരുടെ സമ്മതത്തോടെ കാലഹരണപ്പെടുത്തി.**

**നീതിയെക്കുറിച്ച് വിളംബരപ്പെടുത്തുന്നവരുടെ ഈ ഇരട്ടത്താപ്പ് എപ്പോഴും ലോകത്ത് കലാപത്തിന് ഇടവരുത്തിയിട്ടുണ്ട്. ഇന്നും അതുതന്നെയാണ് തുടർന്ന് കൊണ്ടിരിക്കുന്നത്. അല്ലാഹു ഇപ്പോഴും ലോകത്തിനും പ്രത്യേകിച്ച് മുസ്‌ലിമീങ്ങൾക്കും വിവേകം നൽകുകയും ഈ ദജ്ജാലി ഫിത്നയിൽനിന്ന് സംരക്ഷണം നൽകുകയും ചെയ്യുമാറാകട്ടെ.**

**ഹുദയ്ബിയ സന്ധിയുടെ അവസ്ഥകളുടേയും സംഭവങ്ങളുടേയും വിവരണം, ഇതുമായി ബന്ധപ്പെട്ട് ക്രൈസ്തവ ചരിത്രകാരന്മാരിൽനിന്നുയരുന്ന ആക്ഷേപങ്ങൾക്ക് വായടപ്പൻ മറുപടി.**

**ഖുത്ബ ജുമുഅ 2024 ഡിസംബർ 06, 1403 ഫതഹ് 06, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഇന്നും ഹുദയ്ബിയ സന്ധിയെക്കുറിച്ച് അൽപം കൂടുതൽ വിശദീകരണം നൽകുന്നതായിരിക്കും.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ്സാഹിബ്رضی اللہ عنہ സീറത്ത് ഖാത്തമുന്നബിയ്യീനിൽ ഈ സംഭവത്തെ പരാമർശിച്ചുകൊണ്ടെഴുതുന്നു: ''ഉടമ്പടികളിൽ പഴുതുകൾ ബാക്കിയാകാറുണ്ട്. അത് പിന്നീട് ചില നേരത്ത് വലിയ ഫലങ്ങൾക്ക് കാരണമായിത്തീരുകയും ചെയ്യുന്നു. ഹുദയ്ബിയ സന്ധിയിലും ഈ ഒരു പഴുതുണ്ടായിരുന്നു. അതിൽ മുസ്‌ലിം പുരുഷന്മാരെ തിരിച്ചയക്കുന്നതു സംബന്ധിച്ച് വ്യക്തമായ പരാമർശം ഉണ്ടായിരുന്നെങ്കിലും മക്കക്കാർക്കിടയിൽനിന്ന് ഇസ്‌ലാം സ്വീകരിച്ച് മുസ്‌ലിമീങ്ങൾക്കിടയിൽ വരുന്ന സ്ത്രീകളെക്കുറിച്ചുള്ള പരാമർശങ്ങളൊന്നുമില്ലായിരുന്നു. പക്ഷേ, വളരെവേഗം മക്കയിലെ സത്യനിഷേധികൾക്ക് ഈ പഴുതിനെ സംബന്ധിച്ച് തുറന്ന നിലയിൽ മനസ്സിലായിത്തുടങ്ങി. അങ്ങനെ ഈ സന്ധിചെയ്ത് കുറച്ചു സമയം കഴിഞ്ഞതേ ഉണ്ടായിരുന്നുള്ളൂ. മക്കയിൽനിന്ന് ചില മുസ്‌ലിം സ്ത്രീകൾ സത്യനിഷേധികളുടെ കൈയിൽനിന്ന് രക്ഷപ്പെട്ട് മദീനയിലെത്തി. അതിൽ ഏറ്റവുമാദ്യം വന്നത് മക്കയിലെ മരണപ്പെട്ടു പോയ അന്യാരാധകനും പ്രമാണിയുമായ ഉഖ്ബ ബിൻ അബീ മുയീത്തിന്റെ മകൾ ഉമ്മു കുൽഥൂമായിരുന്നു. ഇവർ മാതാവുവഴിക്ക് ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാന്റെ സഹോദരിയായി വരും. ഉമ്മു കുൽഥൂം വളരെ ധൈര്യപൂർവം നടന്നാണ് മദീനയിലെത്തിയത്. ഇത്രയും നീണ്ട യാത്ര ആ സ്ത്രീ നടന്നാണ് പിന്നിട്ടത്. നബിﷺതിരുമേനിയുടെ സവിധത്തിലെത്തി താൻ ഇസ്‌ലാം സ്വീകരിച്ചിരിക്കുന്നുവെന്ന് പറഞ്ഞു. പക്ഷേ, അവർക്കു പിന്നാലെ അവരുടെ രണ്ട് അടുത്ത ബന്ധുക്കളും അവരെ പിടികൂടുന്നതിനെത്തുകയും അവരെ തിരിച്ചയക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഉടമ്പടിയിൽ പുരുഷന്മാരെന്ന പദമാണ് ഉപയോഗിച്ചതെങ്കിലും വാസ്തവത്തിൽ ഉടമ്പടി പൊതുവായിട്ടുള്ളതിനാൽ അത് സ്ത്രീക്കും പുരുഷനും ഒരുപോലെ ബാധകമാണെന്നായിരുന്നു അവരുടെ വാദം. എന്നാൽ, ഉമ്മുകുൽഥൂം ഉടമ്പടിയുടെ വാക്കുകൾക്കു പുറമേ സ്ത്രീകൾ ഈ ഉടമ്പടിയിൽനിന്ന് ഒഴിവാണെന്ന വാദക്കാരിയായിരുന്നു. കാരണം സ്ത്രീകൾ വളരെ അബലകളാണെന്നും പൊതുവേ പുരുഷന്മാരെ അപേക്ഷിച്ച് കീഴൊതുങ്ങിക്കഴിയുന്ന അവസ്ഥയിലാണെന്നും അതുകൊണ്ട് അവരെ തിരിച്ചയക്കുന്നത് ആത്മീയമായ മരണത്തിന്റെ വായിലേക്ക് തള്ളിവിടുന്നതുപോലെയാണെന്നും ഇസ്‌ലാമിൽനിന്ന് അകറ്റുകയാണെന്നും പറഞ്ഞു. ചുരുക്കത്തിൽ സ്ത്രീകൾ ഈ ഉടമ്പടിയിൽനിന്ന് ഒഴിവാണെന്ന് മനസിലാക്ക

പ്പെടുന്നത് തികച്ചും ഉടമ്പടിക്ക് അനുസൃതം മാത്രമല്ല, ബുദ്ധിപരമായി നീതിയുക്തവും അനിവാര്യവുമായിരുന്നു. അതുകൊണ്ട് സ്വാഭാവികമായും ന്യായമായും നബിﷺ തിരുമേനി ഉമ്മുകുൽഥൂമിന് അനുകൂലമായി വിധി പറയുകയും അവരുടെ കുടുംബക്കാരെ തിരിച്ചയക്കുകയും ചെയ്തു. അല്ലാഹുവും ഈ വിധിയെ പിന്തുണക്കുകയായിരുന്നു. അങ്ങനെ ഈ ദിവസങ്ങളിൽ ഖുർആനിക ആയത്തുകൾ ഇറങ്ങി. അതായത് ഏതെങ്കിലും സ്ത്രീ മുസ്‌ലിമാണെന്ന് വാദിച്ച് മദീനയിൽ വരികയാണെങ്കിൽ അവരെ നല്ലപോലെ പരിശോധിക്കുക. അവർ നല്ലവളും ആത്മാർഥതയുള്ളവളുമാണെന്ന് കണ്ടാൽപ്പിന്നെ അവരെ നിഷേധികളുടെ അടുക്കൽ ഒരിക്കലും അയക്കരുത്. അഥവാ അവർ വിവാഹിതയാണെങ്കിൽ അവരുടെ മഹർ അവരുടെ മുശ്‌രിക്കായ ഭർത്താവിന് തീർച്ചയായും മടക്കികൊടുക്കേണ്ടതാണ്. ഇതിനുശേഷം മക്കയിൽനിന്ന് ഏതു സ്ത്രീ മദീനയിലെത്തുകയാണെങ്കിലും അവരെ നല്ലപോലെ നിരീക്ഷിക്കുകയും അവരുടെ ഉദ്ദേശ്യവും ആത്മാർഥതയും വേണ്ടുംവണ്ണം അന്വേഷിച്ചറിയുകയും ചെയ്തിരുന്നു. പിന്നെ നല്ലവളും ആത്മാർഥതയുള്ളവളുമാണെന്ന് സ്ഥാപിതമായാൽ, അവരുടെ ഹിജ്‌റത്തിൽ ഭൗതികമോ സ്വേച്ഛയോ ഇല്ലെന്നു കണ്ടാൽ അവരെ മദീനയിൽത്തന്നെ പാർപ്പിക്കുമായിരുന്നു. അവർ വിവാഹിതയാണെങ്കിൽ അവരുടെ മഹർ അവരുടെ ഭർത്താവിന് മടക്കി നൽകുകയും ചെയ്യുമായിരുന്നു. അതിനുശേഷം അവർക്ക് മുസ്‌ലിമീങ്ങളെ ആരെയെങ്കിലും വിവാഹം കഴിക്കാൻ സ്വാതന്ത്ര്യവുമുണ്ടായിരുന്നു."*(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്‌റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്‌മദ് സാഹിബ്رضي الله عنهഎം.എ. പേജ് 2-773)*

ഉടമ്പടിയുടെ നിബന്ധനകൾ സംബന്ധമായി ഹദ്‌റത്ത് അബൂബസ്വീറിന്റെرضي الله عنهഒരു സംഭവവും കാണപ്പെടുന്നുണ്ട്. അതിന്റെ വിശദീകരണം ഇപ്രകാരമാകുന്നു."ഹുദയ്ബിയ സന്ധിയിലെ നിബന്ധനകളിലൊന്ന് ഖുറയ്ശികളിൽനിന്നാരെങ്കിലും മുസ്‌ലിമായി മദീനയിൽ വന്നാൽ മദീനക്കാർ അയാൾക്ക് അഭയം നൽകരുതെന്ന് മാത്രമല്ല തിരിച്ചയക്കുകയും വേണ്ടതാണ്. എന്നാൽ, ഏതെങ്കിലും മുസ്‌ലിം, ഇസ്‌ലാംദീൻ ഒഴിവാക്കി മക്കയിൽ തിരിച്ചു പോകുകയാണെങ്കിൽ മക്കക്കാർ അയാളെ തിരിച്ചയക്കുന്നതല്ല." പ്രത്യക്ഷത്തിൽ ഈ നിബന്ധന മുസ്‌ലിമീങ്ങളെ സംബന്ധിച്ചിടത്തോളം അപമാനകരമാണെന്ന് കരുതപ്പെട്ടിരുന്നു. അതുകൊണ്ട് പല മുസ്‌ലിമീങ്ങളും അതിൽ അസ്വസ്ഥരുമായിരുന്നു. എത്രത്തോളമെന്നാൽ, തങ്ങളുടെ അവകാശങ്ങൾപോലും ഒഴിവാക്കുകയാണെന്ന നിഗമനത്തിൽ ഹദ്‌റത്ത് ഉമറിനെപ്പോലുള്ള ഉന്നതസ്ഥാനീയരും ജ്ഞാനികളുമായ സ്വഹാബാക്കളും ആ സമയത്തുള്ള പ്രക്ഷുബ്ധമായ അന്തരീക്ഷത്തിൽ, അതായത് ആ സാഹചര്യത്തിൽ ആളുകൾ ഈ തീരുമാനത്തെ സംബന്ധിച്ച് മാനസികമായി നീറുകയും ഇടിമിന്നലേറ്റ അവസ്ഥയിലുമായിരുന്നു. ഈ നിബന്ധനയിൽ അവർക്ക് നീരസവും അസ്വസ്ഥതയുമുണ്ടായിരുന്നു. പക്ഷേ, അതിനുശേഷം വളരെ വേഗംതന്നെ ഉണ്ടായ സാഹചര്യങ്ങൾ വാസ്തവത്തിൽ ഈ നിബന്ധന ഖുറയ്ശികളുടെ ദുർബലാവസ്ഥയ്ക്കും മുസ്‌ലിമീങ്ങളുടെ പ്രബലതയ്ക്കും കാരണമായെന്ന് തെളിയിച്ചു. കാരണം ഏതെങ്കിലും മുസ്‌ലിം മദീനയിൽനിന്ന് മുഖം തിരിക്കുകയാണെങ്കിൽ അതൊരു വൃത്തികെട്ട അവയവമായിരിക്കുമെന്ന് നബിﷺതിരുമേനി തുടക്കത്തിൽത്തന്നെ പറഞ്ഞിരുന്നു."

അയാൾ മുനാഫിഖ് അല്ലെങ്കിൽ വക്രഹൃദയനായിരിക്കും. അവർക്കു മാത്രമേ ഇസ്‌ലാം സ്വീകരിച്ചതിനു ശേഷം അതുപേക്ഷിക്കാനും മുർതദ്ദാകാനും കഴിയുകയുള്ളൂ. അതുകൊണ്ട് അയാൾ പോവുകയാണെങ്കിൽ പോകുന്നതാണ് നല്ലത്. അയാളെ മദീനയൽ കൊണ്ടുവരേണ്ട ആവശ്യമെന്താണ്? അതുകൊണ്ട് നബിﷺതിരുമേനി തുടക്കത്തിൽത്തന്നെ പറഞ്ഞു: ശരി, ഞങ്ങൾക്കതിൽ ഒരു ആക്ഷേപവുമില്ല. കാരണം അതൊരു വൃത്തികെട്ട അവയവമാണ്. അത് മുറിച്ചു നീക്കുന്നതു തന്നെയാണ് ഉത്തമം. എന്നാൽ, അതിനുപകരം ആരെങ്കിലും സത്യഹൃദയത്തോടെ മുസ്‌ലിമായി മക്കയിൽനിന്ന് പുറപ്പെടുകയാണെങ്കിൽ അയാൾക്ക് മദീനയിലിടം കിട്ടിയാലുമില്ലെങ്കിലും എവിടെയായിരുന്നാലും ഇസ്‌ലാമിന് ശക്തി പകരാൻ കാരണമാവുകയും ഒടുവിൽ അല്ലാഹു അയാൾക്ക് വേണ്ടി ഏതെങ്കിലും വഴി തുറന്നു കൊടുക്കുകയും ചെയ്യുന്നതായിരിക്കും.'

ഈ നിലപാട് സത്യമാണെന്ന് വളരെ വേഗം തെളിഞ്ഞു. കാരണം നബി ﷺതിരുമേനി മദീനയിൽ തിരിച്ചെത്തി കൂടുതൽ സമയം കഴിയുന്നതിനുമുമ്പേ മക്കക്കാരനും ബനൂസുഹ്റ ഗോത്രത്തിന്റെ സഖ്യകക്ഷിയുമായിരുന്ന അബൂ ബസ്വീർ ഉത്ബ ബിൻ ഉസയ്ദ് ഥഖ്ഫീ മുസ്‌ലിമായി, മക്കക്കാരുടെ തടവറയിൽ നിന്നോടി മദീനയിലെത്തി. ഖുറയ്ശികൾ അദ്ദേഹത്തിന് പിന്നാലെ രണ്ടുപേരെ അയച്ചു. അവർ നബി ﷺ തിരുമേനിയോടു, അബൂബസ്വീറിനെ ഉടമ്പടിയുടെ നിബന്ധനയനുസരിച്ച് അവർക്കേൽപ്പിച്ചു കൊടുക്കണമെന്ന് അഭ്യർഥിച്ചു. നബിﷺതിരുമേനി അബൂ ബസ്വീറിനെ വിളിച്ച് തിരിച്ചുപോകാൻ കൽപ്പന നൽകി. അബൂ ബസ്വീർ മുന്നിൽവന്ന് കരഞ്ഞുവിലപിക്കാൻ തുടങ്ങി. താൻ മുസ്‌ലിമാണെന്നും ഇവർ തന്നെ മക്കയിൽ ദ്രോഹിക്കുമെന്നും ഇസ്‌ലാമിൽനിന്ന് പിന്തിരിയാൻ ബലം പ്രയോഗിക്കുമെന്നും പറഞ്ഞു. നബിﷺതിരുമേനി പറഞ്ഞു: "ഞങ്ങൾ ഉടമ്പടി കാരണത്താൽ നിർബന്ധിതരാണ്. നിങ്ങളെ ഇവിടെ നിറുത്താൻ പറ്റുകയില്ല. നിങ്ങൾ അല്ലാഹുവിനെ മുൻനിറുത്തി സഹനം കൈക്കൊണ്ടാൽ അല്ലാഹു നിങ്ങൾക്കുവേണ്ടി എന്തെങ്കിലും വഴി തുറക്കുന്നതായിരിക്കും. പക്ഷേ, ഞങ്ങൾ നിർബന്ധിതരാണ്.. ഒരു കാരണവശാലും ഉടമ്പടി ലംഘിക്കാൻ പറ്റുകയില്ല. നബിﷺതിരുമേനിക്ക് ഉടമ്പടി പാലിക്കുന്ന കാര്യത്തിൽ എത്രമാത്രം നിർബന്ധമായിരുന്നു. നിസ്സഹായനായ അബൂബസ്വീർ അവരോടൊപ്പം തിരിച്ചുപോയി. പക്ഷേ, അദ്ദേഹത്തിന്റെ ഹൃദയത്തിൽ താൻ മക്കയിലെത്തിയാൽ പല തരം ദ്രോഹങ്ങൾക്കും വിധേയനാകുമെന്നും ഇസ്‌ലാമെന്ന അനുഗ്രഹത്തെ മറച്ചുവെക്കേണ്ടി വരുമെന്നും ഒരുപക്ഷേ, തീവ്രമർദ്ദന മുറകൾ കാരണം ഇത് കൈയൊഴിയേണ്ടി വരുമോ എന്നുമുള്ള ചിന്തകളുണ്ടായിരുന്നതുകൊണ്ട് അദ്ദേഹം വളരെ അസ്വസ്ഥനായിരുന്നു. അതുകൊണ്ട് ഈ കക്ഷികൾ ദുൽഹുലയ്ഫയിലെത്തിയപ്പോൾ, -ഇത് മദീനയിൽനിന്ന് ഏതാനും മൈൽദൂരെ മക്കയ്ക്കുപോകുന്ന വഴിയിലാണുള്ളത്- അബൂബസ്വീർ തക്കം പാർത്ത് പ്രസ്തുത കക്ഷിയുടെ നേതാവിനെ വകവരുത്തി. രണ്ടാമത്തെ ആളെയും വധിക്കുമായിരുന്നു. പക്ഷേ, അയാൾ ജീവനും കൊണ്ടോടി അബൂബസ്വീറിന് മുമ്പേ മദീനയിലെത്തി. പിന്നിൽ അബൂബസ്വീറും മദീനയിൽ വന്നു. ഇയാൾ മദീനയിലെത്തിയപ്പോൾ നബിﷺതിരുമേനി മസ്ജിദിൽ ഇരിക്കുകയായിരുന്നു. അയാളുടെ ഭയപ്പാട് കണ്ടപ്പോൾ നബി ﷺതിരുമേനി പറഞ്ഞു: "ഇയാൾക്കെന്തോ വലിയ ഭയമുള്ളതായി തോന്നുന്നു." അതോടൊപ്പം അയാൾ പേടിച്ചുവിറച്ചു പറഞ്ഞു: "എന്റെ കൂട്ടുകാരൻ കൊല്ലപ്പെട്ടിരിക്കുന്നു. ഞാനും മരണത്തിന്റെ വായിലാണുള്ളത്." നബിﷺതിരുമേനി സംഭവങ്ങളെല്ലാം കേൾക്കുകയും അയാളെ സാന്ത്വനിപ്പിക്കുകയും ചെയ്തു. ഇത്രയും ആയപ്പോഴേക്കും അബൂബസ്വീറും കൈയിൽ വാളുമേന്തി എത്തി. നബി ﷺതിരുമേനിയോടു പറഞ്ഞു, "യാ റസൂലല്ലാഹ്! അങ്ങ് എന്നെ ഖുറയ്ശികളുടെ കൈയിൽ വിട്ടുകൊടുത്തതാണ്. അതോടെ അങ്ങയുടെ ഉത്തരവാദിത്വം കഴിഞ്ഞു. പക്ഷേ, അല്ലാഹു എന്നെ അക്രമകാരികളിൽനിന്ന് രക്ഷപ്പെടുത്തിയിരിക്കുന്നു. ഇനി അങ്ങയ്ക്ക് എന്നെ സംബന്ധിച്ചിടത്തോളം ഉത്തരവാദിത്വമൊന്നുമില്ല. നബി ﷺതിരുമേനി അനിയന്ത്രിതമായി പറഞ്ഞു: ***വയ്‌ലു ഉമ്മിഹി മുസ്‌യിറു ഹർബിൻല്ലൗ കാന ലഹൂ അഹദുൻ.*** അയാളുടെ മാതാവിന് ദോഷമാകുന്നു. (ഈ വാക്കുകൾ അറേബ്യൻ ശൈലിയാണ്. വാക്കർഥത്തിന് അതീതമായി ആക്ഷേപം അല്ലെങ്കിൽ ആശ്ചര്യം അതുമല്ലെങ്കിൽ നീരസമുണ്ടാകുന്ന സന്ദർഭത്തിലാണ് ഇങ്ങനെ പറയാറുള്ളത്). തുടർന്ന് പറഞ്ഞു: 'ഇയാൾ യുദ്ധാഗ്നി പടർത്തുകയാണ്. ആരെങ്കിലും ഇയാളെ നിയന്ത്രിക്കാനുണ്ടായിരുന്നെങ്കിൽ!'

അബൂബസ്വീർ ഈ വാക്കുകൾ കേട്ടപ്പോൾ ഉടമ്പടി കാരണത്താൽ ഏതായാലും അയാളോടു നബി ﷺതിരുമേനി തിരിച്ചു പോകാൻ പറയുമെന്ന് മനസ്സിലാക്കി. ഇതു സംബന്ധമായി ബുഖാരിയിലുള്ള വാക്കുകൾ ഇപ്രകാരമാകുന്നു: ***ഫലമ്മാ സമിഅ ദാലിക്ക അറഫ അന്നഹൂ സയറുദ്ദുഹൂ ഇലയ്ഹിം.*** അതായത് അബൂബസ്വീർ, നബിﷺതിരുമേനിയുടെ വാക്കുകൾ കേട്ടപ്പോൾ അവിടന്ന് ഏതായാലും തന്നെ മക്കക്കാരോടൊപ്പം തിരിച്ചയക്കുമെന്ന് മനസ്സിലാക്കി. അങ്ങനെ അയാൾ രഹസ്യമായി അവിടെ നിന്നു പുറപ്പെട്ടു. മക്കയിൽ പോകുന്നത് തന്റെ ആത്മീയവും ഭൗതികവുമായ മരണമാണെന്ന് അദ്ദേഹം കണ്ടപ്പോൾ ചെങ്കടലിന്റെ തീരത്ത് നിന്നുമാറി സീഫുൽബഹറിലെത്തി.

മക്കയിൽ രഹസ്യമായും ദുർബലരായും കഴിഞ്ഞിരുന്ന മുസ്‌ലിമീങ്ങൾക്ക് അബൂബസ്വീർ മറ്റൊരു താവളമുണ്ടാക്കി എന്നറിഞ്ഞപ്പോൾ അവർ മക്കയിൽനിന്ന് പതുക്കെപ്പതുക്കെ സീഫുൽബഹ്റിലെത്തി. അവരിൽ മക്കാ മൂപ്പനായ സുഹയ്ൽ ബിൻ അംറിന്റെ മകൻ അബൂ ജൻദലുമുണ്ടായിരുന്നു. നബിﷺതിരുമേനി അദ്ദേഹത്തെ ഹുദയ്ബിയയിൽനിന്ന് തിരിച്ചയച്ചതാണ്. അതേക്കുറിച്ച് കഴിഞ്ഞ തവണ പ

റഞ്ഞിരുന്നു. ഏതായാലും പതുക്കെപ്പതുക്കെ അവിടെയുള്ള ആളുകളുടെ എണ്ണം ഏകദേശം എഴുപത് വരെയെത്തി. ചില നിവേദനങ്ങളനുസരിച്ച് മുന്നൂറുവരെയെത്തിയെന്നും കാണപ്പെടുന്നുണ്ട്. അങ്ങനെ ഒരർഥത്തിൽ മദീനക്ക് പുറത്ത് മറ്റൊരു സ്ഥലത്തുകൂടി ഇസ്‌ലാമിക രാജ്യം ഉടലെടുത്തു. അവർ മതപരമായി നബിﷺതിരുമേനിയുടെ കീഴിലും എന്നാൽ, രാഷ്ട്രീയപരമായി വേറിട്ടവരും സ്വതന്ത്രരുമായിരുന്നു. ഒരു ഭാഗത്ത് ഹിജാസിന്റെ അതിർത്തിയിൽ വേറിട്ടതും സ്വതന്ത്രവുമായ ഒരു രാഷ്ട്രീയ സംവിധാനം ഉണ്ടാകുന്നത് ഖുറയ്ശികളെ സംബന്ധിച്ചിടത്തോളം അപകടകരമായിരുന്നു. മറുഭാഗത്ത് സീഫുൽബഹ്റിലെത്തിയ മുഹാജിരീങ്ങൾ മക്കയിലെ ഖുറയ്ശികളിൽനിന്ന് കഠിനമായി പരിക്കേറ്റവരുമായിരുന്നു. അതുകൊണ്ട് കൂടുതൽ സമയം കഴിയുന്നതിനുമുമ്പേ സീഫുൽബഹ്റിലുള്ള മുഹാജിരീങ്ങളും മക്കയിലെ ഖുറയ്ശികളും തമ്മിലുള്ള ബന്ധം ഏറെക്കുറെ ആരംഭകാലത്ത് മദീനയിലെ മുഹാജിരീങ്ങളുമായി ഉണ്ടായിരുന്ന അവസ്ഥയിലെത്തി. സീഫുൽബഹ്ർ മദീനയിൽനിന്ന് ശാമിലേക്ക് പോകുന്ന വഴിയുടെ വളരെ സമീപമായിരുന്നു. അതുകൊണ്ട് ഖുറയ്ശി കച്ചവട സംഘങ്ങളുമായി ഈ മുജാഹിരീങ്ങളുടെ ഏറ്റുമുട്ടലുകൾ ആരംഭിച്ചു. ഈ പുതിയ യുദ്ധം വളരെ വേഗം ഖുറയ്ശികളെ സംബന്ധിച്ചിടത്തോളം ഭയാനകമായ ഒരവസ്ഥയിലേക്കുമെത്തിച്ചു. കാരണം ഖുറയ്ശികൾ നേരത്തെ ഉണ്ടായിരുന്ന യുദ്ധങ്ങൾ കാരണം ദുർബലരായിട്ടുണ്ടായിരുന്നു. മാത്രമല്ല അവരുടെ എണ്ണവും നേരത്തേതിൽനിന്നും വളരെ കുറഞ്ഞിരുന്നു. അവർക്കെതിരിൽ സീഫുൽബഹ്റിലെ ഇസ്‌ലാമിക ഭരണകൂടത്തിന്റെ കടിഞ്ഞാൺ അബൂബസീർ, അബൂ ജൻദൽ തുടങ്ങിയ ജീവത്യാഗം വരിക്കാൻ സന്നദ്ധരായവരുടെ കൈകളിലായിരുന്നു. വിശ്വാസത്തിന്റെ നവോന്മേഷവും തങ്ങളുടെ മുൻകാല ദുരിതങ്ങളുടെ കയ്പേറിയ ഓർമകളും ഇനി ഏതൊരു ഏറ്റുമുട്ടലിനെയും പരിഗണിക്കാത്തവിധം മിന്നൽ പിണർപ്പോലെയുള്ള ശക്തിയായിമാറിയിരുന്നു. അതിന്റെ പരിണിതഫലമെന്തെന്നാൽ കുറച്ചു കാലത്തിനകംതന്നെ ഖുറയ്ശികൾ ആയുധം വെച്ച് അടിയറവ് പറഞ്ഞു. അബൂ ബസ്വീറിന്റെ സംഘത്തിന്റെ ആക്രമണങ്ങളാൽ പൊറുതിമുട്ടിയ ഖുറയ്ശികൾ നബിﷺതിരുമേനിയുടെ സവിധത്തിൽ ഒരു പ്രതിനിധിസംഘം മുഖേന അപേക്ഷ നൽകി. തിരുനബിയുമായുള്ള തങ്ങളുടെ കുടുംബബന്ധത്തെ മുൻനിറുത്തി അവർ ഇങ്ങനെ അപേക്ഷിച്ചു: 'സീഫൽബഹ്റിൽ പലായനം ചെയ്തവരെ മദീനയിൽ വിളിച്ച് നിങ്ങളുടെ സംവിധാനത്തിന്റെ ഭാഗമാക്കേണ്ടതാണ്. അതോടൊപ്പം നബിﷺതിരുമേനിക്ക് ഹുദയ്ബിയ സന്ധിയിലുണ്ടാക്കിയ നവമുസ്‌ലിമീങ്ങൾക്ക് മദീനയിൽ അഭയം നൽകാൻ പാടില്ലെന്ന നിബന്ധനയെ നിഷേധികൾത്തന്നെ സന്തോഷപൂർവം ദുർബലപ്പെടുത്തിക്കൊടുത്തു."

മുസ്‌ലിമീങ്ങളായി മദീനയിൽ വരുന്നവരെ തിരിച്ചയക്കണമെന്ന നിബന്ധന അവർ സ്വയം പിൻവലിക്കുകയും നിങ്ങൾ അവരെ തീർച്ചയായും തങ്ങളോടൊപ്പം ചേർത്തുകൊള്ളുക എന്ന് പറയുകയും ചെയ്തു.

"നബിﷺതിരുമേനി ഈ അപേക്ഷ അംഗീകരിക്കുകയും അബൂബസീറിനും അബൂ ജന്ദലിനും കത്ത് മുഖേന വിവരമറിയിക്കുകയും ചെയ്തു. ഖുറയ്ശികൾ സ്വന്തം ഇഷ്ടപ്രകാരം ഉടമ്പടിയിൽ തിരുത്തൽ വരുത്തിയിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ മദീനയിൽ വരേണ്ടതാണ്." നിങ്ങൾ മദീനയിലേക്ക് വരിക.

"നബിﷺതിരുമേനിയുടെ ദൂതൻ സീഫുൽബഹ്റിലെത്തിയപ്പോൾ ആ സമയത്ത് അബൂബസീർ രോഗബാധിതനായി കിടപ്പിലായിരുന്നു. അവസ്ഥ വളരെ മോശമായിരുന്നു. അബൂബസീർ നബിﷺതിരുമേനിയുടെ അനുഗൃഹീത കത്ത് വളരെ താൽപര്യപൂർവം തന്റെ കൈകളിൽ പിടിക്കുകയും കുറച്ച് സമയത്തിനകം അതേ അവസ്ഥയിൽ തന്നെ മരണപ്പെടുകയും ചെയ്തു."

അദ്ദേഹം മരണപ്പെട്ടു. അതിനു ശേഷം അബൂജൻദലും കൂട്ടരും തങ്ങളുടെ ധൈര്യശാലിയും സ്ഥിരചിത്തനുമായ അമീറിനെ സീഫുൽബഹ്ൽ ഖബറടക്കുകയും സന്തോഷത്തിന്റെയും സങ്കടത്തിന്റെയും സമ്മിശ്ര വികാരകങ്ങളുമായി നബിﷺതിരുമേനിയുടെ സന്നിധിയിലെത്തുകയും ചെയ്തു. അവരുടെ ധൈര്യശാലിയായ നേതാവ്, ഈ സംഭവങ്ങളുടെയെല്ലാം നായകൻ അബൂബസീറിന് നബിﷺതിരുമേനിയുടെ പാദങ്ങളിൽ ചുംബിക്കാൻ അവസരം കിട്ടാത്തതായിരുന്നു ദുഃഖത്തിന് കാരണം. അതേസമയം തങ്ങൾക്ക് തന്റെ യജമാനന്റെ കാൽപാദങ്ങളിലെത്താൻ കഴിഞ്ഞതിലും ഖുറയ്ശികളുമായുള്ള രക്തരൂഷിത പോരാട്ടങ്ങളിൽനിന്ന് രക്ഷപ്പെട്ടുവെന്നതിലുമായിരുന്നു സന്തോഷം.*(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്ؓഎം.എ. പേജ് 774-777)*

അമുസ്‌ലിം ചരിത്രകാരന്മാർ അവരുടെ സ്ഥിരസ്വഭാവമനുസരിച്ച് ചരിത്രം വളച്ചൊടിച്ച് ഇസ്‌ലാമിനുമേൽ ആക്ഷേപം ഉന്നയിച്ചുകൊണ്ടിരിക്കുന്നു.

ഹുദയ്ബിയസന്ധി സംബന്ധിച്ച് ക്രൈസ്തവ ചരിത്രകാരന്മാരുടെ ആക്ഷേപങ്ങൾ കാണപ്പെടുന്നുണ്ട്. ഇതേക്കുറിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എؓ എഴുതുന്നു:"ഏതാണ്ട് നബിﷺതിരുമേനിയുടെ ചരിത്രത്തിലെ പ്രധാനപ്പെട്ട ഒരു സംഭവത്തെക്കുറിച്ചും ക്രിസ്തീയ ചരിത്രകാരന്മാർ ആക്ഷേപം ഉന്നയിക്കാതിരുന്നിട്ടില്ല. ഹുദയ്ബിയ സന്ധിയുടെ സംഭവവും ഇതേ ഗണത്തിനുകീഴിൽ വരുന്നു. ചില അനുബന്ധവും അപ്രധാനവുമായ ആക്ഷേപങ്ങളെ മാറ്റിനിറുത്തിയാൽ ക്രൈസ്തവ ചരിത്രകാരന്മാർ ഹുദയ്ബിയ സന്ധിയെക്കുറിച്ച് രണ്ട് ആക്ഷേപമാണ് ഉന്നയിച്ചിട്ടുള്ളത്:

ഒന്ന്, നബിﷺതിരുമേനി ഹുദയ്ബിയസന്ധി നിർദേശങ്ങളിൽ നിന്ന് സ്ത്രീകളെ ഒഴിവാക്കി. ഇത് ഉടമ്പടിയുടെ നിബന്ധനകളുടെ അടിസ്ഥാനത്തിൽ അനുവദനീയമായിരുന്നില്ല. കാരണം ഉടമ്പടിയുടെ വാക്കുകൾ പൊതുവായിട്ടുള്ളതാണ്. അതിൽ സ്ത്രീയും പുരുഷനുമെല്ലാം ഉൾപ്പെടുന്നു.

രണ്ട്, അബൂ ബസ്വീറിന്റെ സംഭവവുമായി ബന്ധപ്പെട്ട് നബിﷺതിരുമേനി ഉടമ്പടിയുടെ അകക്കാമ്പിനെത്തന്നെ ലംഘിച്ചു. മാത്രമല്ല അബൂബസീറിനോട് മക്കയിൽ പോകുന്നതിനു പകരം സ്വന്തമായി ഒരു സംഘമുണ്ടാക്കുയെന്ന് പറഞ്ഞ് നിർദേശം നൽകി. അത് ഈ ഉടമ്പടിക്കെതിരായിരുന്നു.

ഈ ആരോപണങ്ങൾക്കുള്ള മറുപടിയിൽ ഏറ്റവുമാദ്യം ഓർക്കേണ്ട ഒരു കാര്യം ഉടമ്പടി മക്കയിലെ ഖുറയ്ശികളുമായിട്ടായിരുന്നു. മക്കയിലെ ഖുറയ്ശികൾ ഇസ്‌ലാമിന്റെ ആരംഭകാലം മുതൽത്തന്നെ നബിﷺതിരുമേനിക്കെതിരിൽ യുദ്ധസന്നദ്ധരായിരുന്നു. ഉടമ്പടി ചെയ്തുകൊണ്ടിരിക്കുന്ന സന്ദർഭത്തിലും അവരുടെ പ്രതിനിധി ചെറിയ ചെറിയ കാര്യങ്ങളിൽപ്പോലും നബിﷺതിരുമേനിയോടു എതിർപ്പ് പ്രകടിപ്പിക്കുന്നത് നമ്മൾ കണ്ടതാണ്. എല്ലാ കാര്യങ്ങളിലും ആക്ഷേപമുന്നയിക്കുന്നതും അപഹസിക്കുന്നതും ഈ ജനതയുടെ സ്വഭാവമാണ്. മറ്റൊന്ന് ഇവർ ഏതോ വിദൂരതയിൽ കഴിയുന്ന അന്യസമൂഹമായിരുന്നില്ല. പ്രത്യുത നബിﷺതിരുമേനിയുടെതന്നെ ജനതയായിരുന്നു. അവർക്ക് എല്ലാ കാര്യങ്ങളെക്കുറിച്ചും നല്ലപോലെ അറിയാമായിരുന്നു. അതായത് ഉടമ്പടി ചെയ്യപ്പെട്ട ഖുറയ്ശികൾ നബിﷺതിരുമേനിയുടെതന്നെ ആളുകളും ജനതയുമായിരുന്നു. ഓരോ കാര്യത്തെക്കുറിച്ചും അറിവുള്ളവരായിരുന്നു. വളരെ വിശദീകരിച്ചുള്ള ഉടമ്പടിയാണ് അവർ തയ്യാറാക്കിയത്. അതുകൊണ്ട് സ്ത്രീയും പുരുഷനും അതിൽ ഉൾപ്പെട്ടിരുന്നുവെന്ന് പറയുമ്പോൾ ആരൊക്കെയാണ് അതിനുകീഴിൽ വരുന്നതെന്നും വരാത്തതെന്നും അവർക്ക് നല്ലപോലെ ബോധ്യമുണ്ടായിരുന്നു.

എഴുതുന്നു: ഉടമ്പടിയുടെ നിബന്ധനകളെപ്പറ്റി എല്ലാ വിശദാംശങ്ങളും അതിന്റെ പൂർണമായ പശ്ചാത്തലവും അവരുടെ കൺമുമ്പിലുണ്ടായിരുന്നു. മക്കയിലെ ഖുറയ്ശികൾ, അതായത് ഉടമ്പടിയുടെ എതിർകക്ഷികൾ നബിﷺതിരുമേനിയുടെ ഇക്കാര്യത്തിൽ ആക്ഷേപമൊന്നും ഉന്നയിച്ചില്ല. ഈ ഉടമ്പടിക്കെതിരെ അവർ അതിനെ മനസ്സിലാക്കുന്നില്ലെങ്കിൽപ്പിന്നെ പതിമൂന്നു നൂറ്റാണ്ടുകൾക്കു ശേഷമുള്ള ആളുകളുടെ കണ്ണുകളിൽ നിന്ന് ഒരുപാട് ഘടകങ്ങളുടെ വിശദാംശങ്ങൾ ഗോപ്യവും അവർക്ക് ഈ ഉടമ്പടിയുടെ പശ്ചാത്തലത്തെ പറ്റി നല്ല വിവരവുമില്ലായിരിക്കും. ഇങ്ങനെയിരിക്കെ പിന്നെങ്ങനെയാണ് ആക്ഷേപമുന്നയിക്കുന്നത്? അന്നത്തെ അന്യാരാധകരാരും ആക്ഷേപമുന്നയിച്ചിട്ടില്ല. എന്നാൽ, ഇന്നത്തെ ഓറിയന്റലിസ്റ്റുകൾ ഇസ്‌ലാമിനെപ്പറ്റി ആക്ഷേപമുന്നയിക്കുന്നു!

ഇത് വാദി മടിയനും പ്രതി ഉന്മേഷവാനുമാണെന്ന പോലെയാണ്. ആരുമായാണോ ഈ സംഭവം നടന്നത്, അവരത് ശരിയാണെന്ന് സമ്മതിച്ച് നിശബ്ദരായിരിക്കുന്നു. എന്നാൽ, പതിമൂന്ന് നൂറ്റാണ്ടിന് ഇപ്പുറം വന്നവർ ആകാശം തലയിലേറ്റിയിരിക്കുന്നതുപോലെയും.

മക്കയിലെ സത്യനിഷേധികളും അറേബ്യയിലെ മറ്റു നിഷേധികളും നബിﷺതിരുമേനിയ്ക്കെതിരിലും ഇസ്‌ലാമിനെതിരിലും ഉയർത്തിയ ആക്ഷേപങ്ങൾകൊണ്ട് ഖുർആനും ഹദീഥും അറേബ്യൻ ചരിത്രങ്ങളും നിറഞ്ഞുകിടക്കുമ്പോൾ എന്തുകാരണത്താലാണ് ഒരിടത്തുപോലും ഹുദയ്ബിയ സന്ധിയുടെ കാര്യത്തിൽ മുസ്‌ലിമീങ്ങളുടെ കരാർ ലംഘനത്തെക്കുറിച്ച് ആക്ഷേപം കാണപ്പെടാത്തത്? നീണ്ടകാലം വരെയും ഒരു ആക്ഷേപവും ഉന്നയി

ക്കപ്പെട്ടില്ല. ഇന്നാണ് അവർക്ക് ആക്ഷേപം ഉന്നയിക്കണമെന്ന് തോന്നിയത്!

ഇതിനുംപുറമേ ശക്തമായ മറ്റൊരു സാക്ഷ്യംകൂടി തെളിവായിട്ടുണ്ട്, ഹുദയ്ബിയ സന്ധിക്കുശേഷം നബിﷺതിരുമേനി റോമൻ ചക്രവർത്തി കൈസറിന് തബ്ലീഗ് അഥവാ പ്രബോധനപരമായ കത്തയച്ചിരുന്നു. ആ സമയത്ത് യാദൃച്ഛികമായി മക്കയിലെ മൂപ്പനായ അബൂസുഫിയാൻ ബിൻ ഹർബും ശാമിൽ പോയിട്ടുണ്ടായിരുന്നു. ഹിർഖ്ൽ ചക്രവർത്തി അയാളെ തന്റെ കൊട്ടാരത്തിൽ വിളിച്ചുവരുത്തി നബിﷺതിരുമേനിയെ സംബന്ധിച്ച് ചില ചോദ്യങ്ങൾ ചോദിച്ചു. നിങ്ങളുടെ സമൂഹത്തിലെ ഈ പ്രവാചകവാദി എപ്പോഴെങ്കിലും ഏതെങ്കിലും കരാർ ലംഘിച്ചിട്ടുണ്ടോ എന്നായിരുന്നു അതിലൊരു ചോദ്യം. ഈ ചോദ്യത്തിന്റെ മറുപടിയിൽ ആ നേരത്ത് എതിരാളികളുടെ നേതാവും ഇസ്‌ലാമിന്റെ ബദ്ധശത്രുവുമായ അബൂസുഫിയാൻ പറഞ്ഞത് ഇങ്ങനെയാണ്:.....'ഇല്ല. മുഹമ്മദ്ﷺഒരിക്കലും ഒരു ഉടമ്പടിയും ലംഘിച്ചിട്ടില്ല. അതേസമയം ഇപ്പോൾ ഞങ്ങളുമായി ഒരു സന്ധി ചെയ്തിട്ടുണ്ട്. അതിന്റെ കാലയളവ് തുടരുന്നു. ഈ ഉടമ്പടിയുടെ അവസാനമാകുമ്പോഴേക്കും അദ്ദേഹം എങ്ങനെയാണ് പെരുമാറുക എന്ന് അറിയില്ല.' അബൂസുഫിയാൻ പറയുന്നു, 'ഈ നീണ്ട സംസാരത്തിന്നിടയിൽ എന്നെ സംബന്ധിച്ചിടത്തോളം ഈ ഒരു വാചകം വർധിപ്പിക്കുകയല്ലാതെ നബിﷺതിരുമേനിക്കെതിരിൽ ഹിർഖ്ലിന്റെ മനസ്സിൽ ഏതെങ്കിലും വിധത്തിൽ സംശയമുണ്ടാക്കാനിടയുള്ള മറ്റൊന്നും പറയാൻ കഴിഞ്ഞില്ല.' അബൂസുഫിയാനും ഹിർഖ്ലും തമ്മിലുള്ള ഈ സംസാരം ഹുദയ്ബിയ സന്ധി കഴിഞ്ഞ ഉടൻതന്നെ ഉണ്ടായതല്ല. പ്രത്യുത നബിﷺതിരുമേനി ഹിർഖ്ലിന്റെ പേരിൽ കത്ത് തയ്യാറാക്കി അയക്കുകയും കത്ത് ഹിർഖ്ലിന്റെ അടുക്കലെത്തുകയും പിന്നെ ഹിർഖ്ൽ രാജസദസ്സ് കൂടുകയും പിന്നീട് അബൂസുഫിയാനെ തിരഞ്ഞു പിടിച്ച് തന്റെ സദസ്സിലേക്ക് വിളിക്കുകയും ഒക്കെ ചെയ്യുന്നതിന് തീർച്ചയായും സമയം എടുത്തിട്ടുണ്ടാകും. കാരണം അക്കാലഘട്ടത്തിൽ യാത്രകൾ എളുപ്പമുള്ളതായിരുന്നില്ല. ഒരുപക്ഷേ, ഈ സമയത്തിന്നിടയിൽ അബൂബസീർ മദീനയിൽ ഓടി വന്നതും ഉമ്മു കുൽഥൂം മുതലായ മുസ്‌ലിം സ്ത്രീകൾ മക്കയിൽ നിന്ന് മദീനയിലെത്തിയതുമായ സംഭവങ്ങളെല്ലാം നടന്നിട്ടുണ്ടാകാം. അതുകൊണ്ടുതന്നെ എല്ലാ ചരിത്രകാരന്മാരും അബൂബസ്വീറിന്റെയും ഉമ്മു കുൽസൂമിന്റെയും സംഭവങ്ങൾ ആദ്യവും റോമൻ ചക്രവർത്തിക്ക് കത്തയച്ചത് അതിനുശേഷവുമാണ് വിവരിച്ചിട്ടുള്ളത്. ഏതായാലും ഇങ്ങനെയൊക്കെയായിട്ടും അബൂസുഫിയാന് ഹിർഖ്ലിന്റെ സവിധത്തിൽ നബിﷺതിരുമേനിക്കെതിരിൽ ഉടമ്പടി ലംഘിച്ചതായ ആരോപണമുന്നയിക്കാൻ കഴിഞ്ഞില്ല. അതേസമയം അയാളുടെ വാക്കുകൾ വ്യക്തമാക്കിത്തരുന്നത് ഏതെങ്കിലും അവസരം കിട്ടിയാൽ അത് നഷ്ടപ്പെടുത്തരുതെന്ന് അയാൾക്ക് ആഗ്രഹമുണ്ടായിരുന്നു എന്നാണ്. ഏതായിരുന്നാലും സംഭവം നടന്ന് പതിമൂന്ന് നൂറ്റാണ്ടുകൾക്കുശേഷം ജനിച്ച വിമർശകർ നബിﷺതിരുമേനിക്കുമേൽ കരാർ ലംഘനത്തെക്കുറിച്ച് ആരോപണമുന്നയിക്കുമ്പോൾ അൽപ്പംപോലും ദൈവഭയത്തെക്കുറിച്ച് ഓർക്കുന്നില്ല. അഹോകഷ്ടം! അഹോകഷ്ടം!

ഇനി ആക്ഷേപങ്ങളുടെ വിശദാംശങ്ങളിലേക്ക് കടക്കുകയാണെങ്കിൽ അതിന്റെ പൊള്ളത്തരം കുറേക്കൂടി വ്യക്തമാകുന്നതാണ്. ഉദാഹരണമായി ആദ്യത്തെ ആക്ഷേപം കരാറിൽ സ്ത്രീയും പുരുഷനും ഉൾപ്പെട്ടിരുന്നുവെന്നും നബിﷺതിരുമേനി സ്വമേധയാ സ്ത്രീകളെ ഒഴിവാക്കി എന്നുമാണ്. നേരത്തെ വിവരിച്ചതുപോലെ ഈ ആക്ഷേപം തികച്ചും അബദ്ധജടിലവും അടിസ്ഥാനരഹിതവുമാകുന്നു. കാരണം ഏറ്റവും വിശ്വാസയോഗ്യമായ നിവേദനങ്ങളിൽ വിവരിക്കപ്പെട്ടിട്ടുള്ള ഉടമ്പടിയുടെ വാക്കുകളിൽ വളരെ വ്യക്തമായും കാണപ്പെടുന്നത് ഉടമ്പടിയിൽ പങ്കെടുത്തവരിൽ പുരുഷന്മാർ മാത്രമാണുണ്ടായിരുന്നത്. സ്ത്രീകളും പുരുഷന്മാരും, ഇരുകൂട്ടരുമില്ലായിരുന്നു. നേരത്തെ പറഞ്ഞതുപോലെ സ്വഹീഹ് ബുഖാരിയിൽ രേഖപ്പെടുത്തിയിട്ടുള്ള ഉടമ്പടിയുടെ വാക്കുകൾ ഇപ്രകാരമാണ്: **ലാ യഅ്ത്തീക്ക മിന്നാ റജുലുൻ വ ഇൻ കാന അലാ ദീനിക്ക ഇല്ലാ റദദ്ത്തഹു ഇലയ്നാ,** അതായത് ഞങ്ങളിലെ ഏതൊരു പുരുഷനും താങ്കളുടെ അടുക്കൽ വരുകയാണെങ്കിൽ, അയാൾ മുസ്‌ലിമാണെങ്കിൽത്തന്നെയും അയാളെ ഞങ്ങളിലേക്ക് തിരിച്ചയക്കേണ്ടതാണ്."

ഇത്രയും വ്യക്തവും സംശയാതീതവുമായ വാക്കുകൾ ഉണ്ടായിരിക്കെ ഈ ഉടമ്പടിയിൽ സ്ത്രീകളും പുരുഷന്മാരും ഇരുകൂട്ടരും ഉൾപ്പെടുന്നുവെന്ന് ആക്ഷേപമുന്നയിക്കുന്നത് അന്യായം മാത്രമല്ല, മറിച്ച് അങ്ങേയറ്റത്തെ വഞ്ചന കൂടിയാകുന്നു. ഇനി ചരിത്രത്തിലെ ചില നിവേദനങ്ങളിൽ ഉടമ്പടിയുടെ വാക്കുകളിൽ **റജുലുൻ** അഥവാ പുരുഷന്മാർ എന്ന പദം ഇല്ലെന്നും മറിച്ച് പൊതുവായ വാക്കുകളാണ് ഉപയോഗിച്ചിട്ടുള്ളതെന്നും അതിൽ സ്ത്രീകളും പുരുഷന്മാരും ഇരുകൂട്ടരും ഉൾപ്പെടുന്നുവെന്നുമാണ് പറയുന്നതെങ്കിൽ അതിനുള്ള മറുപടി ഇപ്രകാരമാകുന്നു:

ഒന്ന്, സുവ്യക്തവും സുഭദ്രവുമായ നിവേദനങ്ങൾക്ക് ഏതായാലും മുൻഗണന നൽകേണ്ടതാണ്. സ്വഹീഹായ നിവേദനങ്ങളിൽ **റജുലുൻ** അഥവാ പുരുഷൻ എന്ന പദം വന്നിട്ടുണ്ടെങ്കിൽ തീർച്ചയായും അതിനെത്തന്നെ ശരിയായ പദമെന്ന് അംഗീകരിക്കേണ്ടതാണ്. കൂടാതെ ചരിത്ര നിവേദനങ്ങളിൽ വന്നിട്ടുള്ള വാക്കുകളെക്കുറിച്ചും നല്ലപോലെ ചിന്തിക്കുകയാണെങ്കിൽ അതും ഈ വിശദീകരണത്തിന് അനുഗുണമാണെന്ന് കാണാൻ കഴിയും. ഉദാഹരണമായി സുപ്രസിദ്ധ ചരിത്ര ഗ്രന്ഥമായ സീറത്ത് ഇബ്നു ഹിശാമിൽ **മൻ അത്താ മുഹമ്മദൻ മിൻ ഖുറയ്ശിൻ ബിഗയ്രി ഇദ്നി വലിയ്യിഹി റദ്ദഹൂ അലയ്ഹിം,** അതായത് ഖുറയ്ശികളിൽനിന്ന് ഏതെങ്കിലും വ്യക്തി മുഹമ്മദ്ﷺന്റെ പക്കൽ തന്റെ ഗാർഡിയന്റെ അനുവാദം കൂടാതെ വരികയാണെങ്കിൽ അയാൾ ഖുറയ്ശികളിലേക്കു തന്നെ തിരിച്ചയക്കപ്പെടുന്നതാണെന്ന് വന്നിട്ടുണ്ട്.'

അറബി പദങ്ങളിൽ പുരുഷൻ എന്ന പദം പ്രകടമായി വന്നിട്ടില്ലെങ്കിലും അറബി ഭാഷയുടെ പ്രാരംഭജ്ഞാനമുള്ള ആർക്കും മറ്റു ഭാഷകളെ അപേക്ഷിച്ച് അറബിയിൽ പുരുഷന്മാർക്കും സ്ത്രീകൾക്കും വെവ്വേറെ പദാവലിയും സർവ്വനാമങ്ങളും ഉപയോഗിക്കപ്പെടുന്നുണ്ടെന്നും മേൽവാചകത്തിൽ ആദ്യം മുതൽ അവസാനംവരേയും വന്നിട്ടുള്ള പ്രയോഗങ്ങളും സർവ്വനാമങ്ങളും പുരുഷന്മാരെ സംബന്ധിച്ചാണ് ഉപയോഗിച്ചിട്ടുള്ളതെന്നും മനസ്സിലാക്കാൻ കഴിയുന്നതാണ്. അതിനാൽ ഉടമ്പടികളുടെ ഭാഷ വിശദീകരിക്കുന്നതിന്റെ തത്ത്വങ്ങളനുസരിച്ച് തീർച്ചയായും ഈ വാചകത്തിൽ പുരുഷന്മാർ മാത്രമേ ഗണിക്കപ്പെടുകയുള്ളൂ. അല്ലാതെ സ്ത്രീകളും പുരുഷന്മാരും എന്ന് പറയാൻ സാധ്യമല്ല. ചില സന്ദർഭങ്ങളിൽ പൊതുവായ ഭാഷാപ്രയോഗത്തിൽ പുരുഷന്മാരെ സംബന്ധിച്ച് പറയുമ്പോൾ അതിൽ പുരുഷന്മാരോടൊപ്പം സ്ത്രീകളും വിവക്ഷിതമാകാറുണ്ട്. എന്നാൽ, ഇവിടെ ചർച്ച ചെയ്യപ്പെടുന്ന വാചകം ഇത്തരത്തിലുള്ളതല്ല. പ്രത്യുത ഉടമ്പടിയുടെ വാചകങ്ങളാണ്. അതിന് നിയമപരമായ സ്ഥാനമുണ്ട്. മറിച്ച് അതിനെക്കാളുപരിയായ സ്ഥാനമാണുള്ളത്. കാരണം അതിലെ ഓരോ പദവും ചിന്തിച്ചു മനസ്സിലാക്കിയാണ് വെച്ചിട്ടുള്ളത്. വാക്കുകൾ തിരഞ്ഞെടുത്തതാകട്ടെ ഇരുകൂട്ടരുടെയും തർക്കങ്ങൾക്കും സമ്മതത്തിനും ശേഷമാണ്. അതുകൊണ്ട് ഇത്തരം വാചകങ്ങളിൽ പരിമിതവും സവിശേഷവുമായ പരിധിക്കുള്ളിലുള്ള വിവക്ഷിതം മാത്രമേ നൽകാൻ കഴിയുകയുള്ളൂ."

വിമർശനത്തിന്റെ കഥയും വിശദീകരണവും നിങ്ങൾ കഴിഞ്ഞ ഖുത്ബയിൽ കേട്ടു കഴിഞ്ഞതാണ്. എത്രമാത്രം വിശദമായാണ് സത്യനിഷേധികളുടെ പ്രതിനിധി വിമർശനങ്ങൾ ഉന്നയിച്ചിട്ടുണ്ടാ


• ഹദീഥുന്നബ്വിﷺ •

"അക്‌രിമൂ ഔലാദക്കും."
നിങ്ങൾ നിങ്ങളുടെ മക്കളെ ആദരിക്കുക.

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

• ഹദീഥുന്നബ്വിﷺ •

"അൽഅമാനത്തു ഇസ്സുൻ."
വിശ്വസ്തത അന്തസ്സാണ്.

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

യിരുന്നത്. ഇങ്ങനെ നോക്കുമ്പോഴും ഈ ഉടമ്പടിയിൽ പുരുഷന്മാർ മാത്രമാണ് ഉദ്ദേശിക്കപ്പെടുന്നതെന്നും സ്ത്രീകളും പുരുഷന്മാരും അതായത് ഇരുവരും ഉൾപ്പെടുന്നില്ലെന്നും വ്യക്തമാകുന്നുണ്ട്.

ഇതിനു പുറമെ നേരത്തെ പറഞ്ഞു വന്നതുപോലെ സ്ത്രീകൾ വളരെ അബലകളാകുന്നു. പൊതുവിൽ തന്റെ ഭർത്താവിന്റെയോ പുരുഷന്മാരായ ബന്ധുക്കളുടെയോ കരുണയ്ക്ക് വിധേയരാണ്. അതുകൊണ്ട് അവരെ തിരിച്ചയക്കുന്നതിന്റെ അർഥം ഇസ്‌ലാം സ്വീകരിച്ചതിനുശേഷം അവരെ വീണ്ടും സ്വന്തം കൈകളാൽ കുഫ്‌റിലേക്കും ശിർക്കിലേക്കും തിരിച്ചയക്കുക എന്നാണ്. അത് കാരുണ്യമോ വാത്സല്യമോ അല്ല. മറിച്ച് നീതി ന്യായ വികാരങ്ങളിൽനിന്ന് ബഹുകാതം ദൂരത്താണ്. ഒരു പുരുഷനെ തിരിച്ചയക്കുമ്പോഴും മക്കയിലെ സത്യനിഷേധികൾ അദ്ദേഹത്തെ പല തരത്തിലുള്ള ശിക്ഷകൾക്കും ദുഖങ്ങൾക്കും വിധേയനാക്കുമെന്ന ആശങ്കയ്ക്ക് പ്രസക്തിയുണ്ട്. പക്ഷേ, പുരുഷൻ ഏതായാലും പുരുഷനാണല്ലോ? അയാൾക്ക് പ്രയാസങ്ങളെ ശക്തമായി നേരിടാൻ കഴിയുമെന്ന് മാത്രമല്ല, ആവശ്യാനുസരണം എവിടെയെങ്കിലും ഒളിഞ്ഞിരിക്കാനോ ഓടിപ്പോകാനോ കൂട്ടം ചേർന്ന് രക്ഷപ്പെടുന്നതിനുള്ള മാർഗമുണ്ടാക്കാനോ കഴിയുന്നതാണ്. അതായിരുന്നു അബൂബസ്വീർ ചെയ്തത്. എന്നാൽ, നിസ്സഹായയായ ഒരു സ്ത്രീക്ക് എന്ത് ചെയ്യാൻ കഴിയും? അവൾക്ക് ഒന്നുകിൽ നിർബന്ധപൂർവം ഇസ്‌ലാം കൈയൊഴിയേണ്ടിവരും. അല്ലെങ്കിൽ മരണം വരിക്കേണ്ടിവരും. അതുകൊണ്ടുതന്നെ നബിﷺതിരുമേനിയെപ്പോലുള്ള കരുണയും ആർദ്രതയുമുള്ള ഒരു മഹാത്മാവിനെ സംബന്ധിച്ചിടത്തോളം ദുർബലകളും അബലകളുമായ മുസ്‌ലിം സ്ത്രീകളെ സത്യനിഷേധികളുടെ ആക്രമണങ്ങളുടെ മുന്നിലേക്ക് തിരിച്ചയക്കുക എന്നത് സാധ്യമല്ലായിരുന്നു. അവിടെ ചെയ്തതെല്ലാം ഉടമ്പടിയുടെ വാക്കുകൾക്ക് തികച്ചും അനുസൃതവും ശരിയുമായിരുന്നു. മാത്രമല്ല, നീതിയും ന്യായവും കരുണയും വാത്സല്യവുമുള്ള തത്ത്വങ്ങളുടെ അടിസ്ഥാനത്തിലും തികച്ചും ഉചിതവുമായിരുന്നു. ആക്ഷേപകരുടെ പങ്കിൽ തികച്ചും അപഹാസ്യതയല്ലാതെ മറ്റൊന്നും തന്നെയില്ല. ആക്രമിക്കപ്പെടുന്ന അബലകളായ സ്ത്രീകളുടെ സംരക്ഷണത്തിനു വേണ്ടിയുള്ള സംവിധാനത്തെ പ്പറ്റിയും ദോഷാരോപണം നടത്തുകയാണ് അവർ ചെയ്യുന്നത്.

രണ്ടാമത്തെ ആക്ഷേപം അബൂബസ്വീറിന്റെ സംഭവവുമായി ബന്ധപ്പെട്ടതാണ്. എന്നാൽ, അവധാനതയോടെ ചിന്തിക്കുകയാണെങ്കിൽ ഈ ആക്ഷേപവും തികച്ചും പൊള്ളയും ദുർബലവുമാണെന്ന് വ്യക്തമാകുന്നതായിരിക്കും. നബിﷺതിരുമേനി മക്കയിലെ സത്യനിഷേധികളുമായി ചെയ്ത ഉടമ്പടിയിൽ മദീനയിലേക്കോടി വരുന്ന മക്കയിലെ സത്യനിഷേധികളിൽനിന്നുള്ള പുരുഷന്മാർ, അവർ മുസ്‌ലിമീങ്ങളായവരാണെങ്കിൽത്തന്നെയും അവർക്ക് മദീനയിൽ അഭയം കൊടുക്കുന്നതല്ലെന്നും തിരിച്ചയക്കുന്നതാണെന്നും പറഞ്ഞിട്ടുണ്ടായിരുന്നു. എന്നാൽ, ഇവിടെ ഒരു ചോദ്യമുയരുന്നുണ്ട്, നബിﷺതിരുമേനി ഈ ഉടമ്പടി ലംഘിച്ചിട്ടുണ്ടായിരുന്നുവോ? ഇല്ല, ഒരിക്കലുമില്ല. പ്രത്യുത നബി ﷺതിരുമേനി ഈ ഉടമ്പടി പൂർത്തിയാക്കുന്നതിൽ തികവാർന്നതും പ്രൗഢോജ്ജ്വലവുമായ മാതൃകയാണ് കാഴ്ചവെച്ചത്. അതിന് തത്തുല്യമായത് സമർപ്പിക്കുന്ന കാര്യത്തിൽ ലോകം നിസ്സഹായരാകുന്നു. നല്ലപോലെ ചിന്തിച്ചുനോക്കുക. അബൂബസ്വീർ ഇസ്‌ലാമിന്റെ സത്യസാക്ഷ്യം മനസ്സിലാക്കിയതിനെത്തുടർന്ന് മക്കയിൽ നിന്നോടിപ്പോകുന്നു. സത്യനിഷേധികളുടെ ദ്രോഹത്തിൽ നിന്ന് സുരക്ഷിതനാവാനും തന്റെ വിശ്വാസത്തെ സംരക്ഷിക്കാനും പാത്തും പതുങ്ങിയും മദീനയിലെത്തുന്നു. പക്ഷേ, അദ്ദേഹത്തിന്റെ അക്രമകാരികളായ കുടുംബക്കാർ അദ്ദേഹത്തിന്റെ പിന്നാലെ എത്തുകയാണ് ചെയ്യുന്നത്. അദ്ദേഹത്തെ വാളിന്റെ ബലത്താൽ ഇസ്‌ലാമിന്റെ സത്യത്തിൽനിന്ന് പിന്തിരിപ്പിച്ച് നിർബന്ധപൂർവം തിരിച്ചുകൊണ്ടുപോകാൻ അവർ ആഗ്രഹിക്കുന്നു. അങ്ങനെ ഇരുകൂട്ടരും നബിﷺതിരുമേനിയുടെ സന്നിധിയിലെത്തുന്നു. അബൂബസ്വീർ ഇടറിയ ശബ്ദത്തിലും സഹനപൂർവവും ഉണർത്തുന്നു: 'യാ റസൂലല്ലാഹ്! അല്ലാഹു എനിക്ക് ഇസ്‌ലാമെന്ന അനുഗ്രഹം നൽകിയിരിക്കുന്നു. മക്കയിൽ തിരിച്ചുപോവുകയാണെങ്കിൽ എനിക്ക് മുന്നിലുള്ള ദുഃഖത്തെയും അപകടകരമായ ജീവിതത്തെയും കുറിച്ച് അങ്ങയ്ക്ക് അറിയാവുന്നതാണ്. അതുകൊണ്ട് അല്ലാഹുവിനെ ഓർത്ത് എന്നെ തിരിച്ചയക്കരുത്.' എന്നാൽ, അതിന്നെതിരിൽ അബൂബസ്വീറിന്റെ കുടുംബക്കാർ നബിﷺതിരുമേനിയോടു പറയുന്നു, 'ഞങ്ങളിലുള്ള ഏതൊരാൾ മദീനയിൽ വന്നാലും അയാളെ തിരിച്ചയക്കുമെന്ന് താങ്കൾക്ക് ഞങ്ങളുമായി ഉടമ്പടിയുണ്ട്. അബൂബസ്വീറിന്റെ ദുഖവും തന്റെ സ്വഹാബാക്കളും ആത്മാഭിമാനവും നബിﷺതിരുമേനിയുടെ കണ്മുമ്പിലുണ്ടായിരുന്നു. തന്റെ സ്വന്തം വികാരങ്ങളും നബിﷺതിരുമേനിയുടെ ഹൃദയത്തിൽ അലതല്ലുന്നുണ്ടായിരുന്നു. പക്ഷേ, വിശ്വസ്തതയുടെയും സത്യസന്ധതയുടെയും ആൾരൂപമായ നബിﷺതിരുമേനി തന്റെ പ്രതിജ്ഞയിൽ മലപോലെ ഉറച്ചു നിന്ന് പ്രഖ്യാപിക്കുന്നു, എത്രമാത്രം വാത്സല്യം നിറഞ്ഞ വാക്കുകളാണ് പറയുന്നതെന്ന് നോക്കുക:

"അല്ലയോ അബൂബസ്വീറേ! നിങ്ങൾക്കറിയാം. ഞാൻ ഈ ആളുകളുമായി ഉടമ്പടിയിൽ ഏർപ്പെട്ടിരിക്കുന്നു. നമ്മുടെ മതത്തിൽ ഉടമ്പടി ലംഘിക്കുന്നത് അനുവദനീയമല്ല."

നോക്കുക ഇവിടെ ആരുടേയോ ജീവന്റെ പ്രശ്നമാണ്. പക്ഷേ, നബിﷺതിരുമേനി പറയുന്നു, നമ്മുടെ മതത്തിൽ ഉടമ്പടി ലംഘിക്കുന്നത് അനുവദനീയമല്ല.'' നമ്മൾ സാധാരണഗതിയിൽ ചെറിയ ചെറിയ ഉടമ്പടികൾ ലംഘിക്കുമ്പോൾ അത് നമ്മുടെ വിശ്വാസപരമായ അവസ്ഥ തന്നെയാണോ എന്ന് നമ്മൾ ചിന്തിക്കേണ്ടതാണ്. നബിﷺതിരുമേനി പിന്നീട് പറഞ്ഞു;

''നിങ്ങൾ ഇവരോടൊപ്പം തിരിച്ചുപോവുക. നിങ്ങൾ സഹനവും സ്ഥൈര്യവുമായി ഇസ്‌ലാമിൽ ഉറച്ചു നിൽക്കുകയാണെങ്കിൽ നിങ്ങൾക്കും നിങ്ങളെപ്പോലുള്ള നിസ്സഹായരായ മറ്റു മുസ്‌ലിങ്ങൾക്കും അല്ലാഹു താൻതന്നെ ഏതെങ്കിലും രക്ഷപ്പെടാനുള്ള മാർഗം തുറന്നു തരുന്നതാണ്." ആ രക്ഷപ്പെടുന്നതിനുള്ള മാർഗം പിന്നീട് തുറന്നത് നാം കണ്ടു.

നബിﷺതിരുമേനിയുടെ ഈ നിർദ്ദേശമനുസരിച്ച് അബൂബസ്വീർ മക്കക്കാരോടൊപ്പം തിരിച്ചുപോയി. അങ്ങനെ അദ്ദേഹം മക്കയുടെ വഴിയിൽത്തന്നെ തടവിലാക്കി കൊണ്ടുപോകുന്നവരുമായി ശണ്ഠകൂടുകയും അതിൽ വിജയിക്കുകയും പിന്നെ വീണ്ടും തിരിച്ചെത്തുകയും ചെയ്തപ്പോൾ നബിﷺതിരുമേനി അദ്ദേഹത്തെ കണ്ടപ്പോൾത്തന്നെ വളരെ ഈർഷ്യയോടെ പറഞ്ഞു. ***വയ്‌ലു ഉമ്മിഹി മുസ്‌യിറു ഹർബിൻ ലവ് കാന ലഹൂ അഹദുൻ.*** അതായത്, അയാളുടെ മാതാവിന് ദോഷമായിരിക്കട്ടെ. ഇയാൾ യുദ്ധത്തീ കത്തിക്കുകയാണ്. ആരെങ്കിലും ഇയാളെ നിയന്ത്രിച്ചിരുന്നെങ്കിൽ."

ഈ വാക്കുകൾ കേട്ടുടനെ നബിﷺതിരുമേനി തന്നെ തിരിച്ചയക്കുമെന്ന് അബൂബസ്വീറിന് ഉറപ്പാകുകയും അങ്ങനെ സ്വയമേവ മദീനയിൽനിന്ന് രഹസ്യമായി പുറപ്പെടുകയും ചെയ്തു. പിന്നീട് വളരെ വിദൂരമായ വേറെയൊരു സ്ഥലത്ത് തന്റെ സങ്കേതം ഉണ്ടാക്കി. ഇനി ഈ എല്ലാ സംഭവങ്ങളെയും നീതിപൂർവം നോക്കുകയാണെങ്കിൽ ഇതിൽ നബിﷺതിരുമേനിക്ക് എന്ത് ഉത്തരവാദിത്വമാണ് വന്നുചേരുന്നത്? നബിﷺതിരുമേനിക്കെതിരിൽ എങ്ങനെയാണ് ആക്ഷേപം ഉന്നയിക്കാൻ കഴിയുക? വാസ്തവത്തിൽ നബിﷺതിരുമേനി ഇക്കാര്യത്തിൽ തന്റെ വികാരങ്ങളെ ചവിട്ടി മെതിച്ചുകൊണ്ടാണ് ഉടമ്പടി പാലിച്ചത്. ഒരു തവണയല്ല. മറിച്ച് രണ്ടുതവണ അബൂബസ്വീറിനെ തിരിച്ചയച്ചു. തിരിച്ചയച്ചതും പ്രൗഢമായ വാക്കുകൾ പറഞ്ഞാണ്. തത്തുല്യമായത് ലോക ചരിത്രത്തിൽ കാണാൻ സാധ്യമല്ല. നബിﷺതിരു

• ഹദീഥുന്നബ്‌വിﷺ •

"തഅല്ലമുൽയഖീന."
ദൃഢജ്ഞാനം ആർജിക്കുവിൻ.

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

• ഹദീഥുന്നബ്‌വിﷺ •

"തഹാദൂ തഹാബ്ബൂ."
സ്നേഹം വർധിക്കുന്നതിനുവേണ്ടി പരസ്പരം സമ്മാനങ്ങൾ കൈമാറുവിൻ.

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

മേനി തന്റെ വികാരങ്ങളെയും തന്റെ സ്വഹാബാക്കളുടെ വികാരങ്ങളെയും അബൂബസ്വീറിന്റെ വികാരങ്ങളെയും പാടെ അവഗണിച്ചുകൊണ്ട് എല്ലാ നിലയിലും ഉടമ്പടി പാലിക്കുകയാണ് ചെയ്തത്. ഇനി അബൂബസ്വീർ സ്വന്തം നിലയ്ക്ക് മക്കക്കാരിൽനിന്ന് സ്വതന്ത്രനായി മറ്റേതെങ്കിലും സ്ഥലത്ത് പോയിട്ടുണ്ടെങ്കിൽ അതേപ്പറ്റി നബിﷺതിരുമേനിക്കുമേൽ എങ്ങനെയാണ് ആക്ഷേപമുന്നയിക്കാൻ കഴിയുക? മക്കയിൽനിന്ന് ഓടിപ്പോകുന്ന ഓരോ ആളെയും മക്കയിൽ തിരിച്ചെത്തിക്കണമെന്ന ഉത്തരവാദിത്വം നബിﷺതിരുമേനിക്കുണ്ടെന്ന് ഏതു നിബന്ധനയുടെ അടിസ്ഥാനത്തിലാണ് പറയാൻ കഴിയുക? വ്യസനകരമെന്ന് പറയട്ടെ, ഇസ്‌ലാമിന്റെശത്രുക്കൾ ഒരു കാര്യത്തിലും ഇസ്‌ലാമിനോട് നീതി കാണിച്ചിട്ടില്ല.

ഇനി നബിﷺതിരുമേനി അബൂബസ്വീറിന് അദ്ദേഹം സ്ഥാപിച്ച ക്യാമ്പിൽനിന്ന് മദീനയിൽ തിരിച്ചു വരാൻ കൽപ്പന നൽകാമായിരുന്നുവെന്നും പക്ഷേ, നബിﷺതിരുമേനി അങ്ങനെ ചെയ്യാതിരുന്നതുകൊണ്ട് നബിﷺതിരുമേനി ഉടമ്പടിയുടെ വാക്കുകളെയല്ല മറിച്ച് അതിന്റെ ആത്മാവിനാണ് ക്ഷതം ഏൽപ്പിച്ചതെന്നും ആക്ഷേപം ഉന്നയിക്കുകയാണെങ്കിൽ അതും ഒരു പൊള്ളയായ ആരോപണം മാത്രമാകുന്നു.

അതിനാൽ ഈ ആക്ഷേപവും തികച്ചും വിവരക്കേടാകുന്നു. ഉടമ്പടിയുടെ വാക്കുകളും അതിന്റെ ആത്മാവും ഈ ആക്ഷേപത്തെ പൂർണമായും തള്ളിക്കളയുന്നു. ഉടമ്പടിയുടെ നിബന്ധനയിൽ മക്കയിൽ നിന്നാരെങ്കിലും മുസ്‌ലിമായി മദീനയിൽ ഓടിവന്നാൽ നബിﷺതിരുമേനി അയാളെ തിരിച്ച് മക്കയിൽ അയക്കണമെന്ന ഉടമ്പടിയിലെ നിബന്ധനയിലുള്ള വാക്കുകൾ വ്യക്തമാക്കുന്നതെന്തെന്നാൽ ഈ നിബന്ധനയുടെ താൽപ്പര്യം, ഇത്തരത്തിൽവരുന്ന ആളുകൾ മുസ്‌ലിമീങ്ങളാണെങ്കിൽപോലും മദീനയിലെ ഇസ്‌ലാമിക ഭരണവൃത്തത്തിനകത്ത് സ്വീകരിക്കുന്നതല്ലെന്നാകുന്നു. അതായത് അയാൾ വിശ്വാസപരമായി മുസ്‌ലിമാണെങ്കിലും നബിﷺതിരുമേനി അയാളെ തന്റെ മദീനയിലെ ഭരണകൂടത്തിന് കീഴിൽ ഉൾപ്പെടുത്തുന്നതല്ല. അങ്ങനെയുള്ള ഒരു വ്യക്തി സ്വയം ഉടമ്പടിയുടെ നിബന്ധനകൾക്ക് വിധേയമായി മദീനയിലെ ഇസ്‌ലാമിക രാജ്യത്തിൽനിന്നും പുറന്തള്ളപ്പെട്ടിരിക്കെ അയാളെ സംബന്ധിച്ച് അയാൾ എവിടെയായിരുന്നാലും നബിﷺതിരുമേനി, അയാൾ തിരിച്ചു പോകാൻ കൽപ്പിക്കണമെന്ന് പറയുന്നത് എന്തടിസ്ഥാനത്തിലാണ്? ഇത് എത്രമാത്രം അക്രമപരമായ നിലപാടാണ്? നബിﷺതിരുമേനി അദ്ദേഹത്തെ മദീനയിൽ നിറുത്തുകയാണെങ്കിൽ ഉയർത്തുന്ന ആക്ഷേപം നബിﷺതിരുമേനി അയാൾ മുസ്‌ലിമാണെങ്കിൽ പോലും മദീനയിൽ നിറുത്തുന്നതല്ലായെന്ന ഉടമ്പടിയുണ്ടെന്ന് ആക്ഷേപമുന്നയിക്കുന്നു. ഇനി നബിﷺതിരുമേനി അദ്ദേഹത്തെ മദീനയിൽനിന്ന് പുറത്താക്കി മക്കക്കാരെ ഏൽപ്പിക്കുന്നു. അപ്പോൾ നബിﷺതിരുമേനി എന്തുകൊണ്ട് അദ്ദേഹത്തെ തന്റെ ഭരണത്തിന് കീഴിൽ വരുന്നതിന് കല്പന നൽകിയില്ലെന്ന ആക്ഷേപമാണ് ഉന്നയിക്കുന്നത്. ചുരുക്കത്തിൽ രാഷ്ട്രപരമായി നോക്കുകയാണെങ്കിലും ഇത് പൊള്ളയായതും ദുർബലമായതും അർഥശൂന്യവുമായ ആക്ഷേപമാകുന്നു. ബുദ്ധിയുള്ള ഒരാൾക്കും അതിൽ ശ്രദ്ധിക്കാൻ സാധ്യമല്ല. വാസ്തവത്തിൽ വിവേകശൂന്യമായ നിബന്ധന മക്കക്കാരുടെ ഭാഗത്തുനിന്ന് ഉടമ്പടിയിൽ ചേർത്തിട്ടുണ്ടായിരുന്നു. അതായത് ഒരു മുസ്‌ലിം മുഹാജിറിനും മദീനയിൽ അഭയം കൊടുക്കാൻ പാടില്ല. അല്ലാഹു അതിനെത്തന്നെ എതിരാളികൾക്ക് ശിക്ഷയുടെ രൂപത്തിൽ മറുപടിയായി നൽകുകയാണ് ചെയ്യുന്നത്. നമ്മുടെ റസൂൽ ഏതായാലും ഉടമ്പടി പാലിക്കുന്നു. പക്ഷേ, നിങ്ങൾത്തന്നെ നിങ്ങളുടെ വഴികളിൽ മുള്ള് വിതറുകയാണ്. നിങ്ങൾ നിങ്ങളുടെത്തന്നെ ആയുധങ്ങൾകൊണ്ട് നിങ്ങളുടെ കൈകൾ മുറിക്കുകയാണ് ചെയ്യുന്നത്.

മക്കയിൽനിന്ന് മുസ്‌ലിമായി മദീനയിൽ പോകുന്ന ഏതൊരു മുസ്‌ലിം യുവാവിനെയും നബിﷺതിരുമേനി മക്കയിൽ തുടരാൻ അനുവദിക്കാതെ മദീനയുടെ സാമ്രാജ്യത്തിൽനിന്ന് പുറത്താക്കണമെന്ന് നിങ്ങൾ തന്നെയാണ് ആവശ്യപ്പെട്ടത്. എന്നിരിക്കെ മദീനയിൽനിന്ന് പുറത്താക്കപ്പെട്ട ആളുകൾ എവിടെ ആയിരുന്നാലും അവർക്ക് നബിﷺതിരുമേനി കൽപ്പന നൽകുകയും തന്റെ സാമ്രാജ്യത്തിൽ ഉൾപ്പെടുത്തി മക്കയിലെത്തിക്കണമെന്നും പറയുന്നത് എന്തടിസ്ഥാനത്തിലാണ്? ഇത് തികച്ചും വിവരക്കേടാകുന്നു. നിങ്ങൾത്തന്നെയാണ് നബിﷺതിരുമേനി അത്തരം ആളുകളുടെ ആത്മീയകാര്യങ്ങളിലും അവരുടെ പരലോക ജീവിതകാര്യത്തിലും ഭരണം നടത്തുകയാണെങ്കിൽപോലും അവരുടെ സാമൂഹികവും ഭൗതികവുമായ കാര്യങ്ങളിൽ ഭരണാധിപനാകേണ്ട എന്ന നിബന്ധന വെച്ചത്. അതായത് രാഷ്ട്രീയമോ ഭരണപരമോ നിയമപരമോ ആയ കാര്യങ്ങളിൽ അവർക്കുമേൽ നബിﷺതിരുമേനിക്ക് ഒരു അവകാശവും ഉണ്ടായിരിക്കുന്നതല്ല. അവർ മുസ്‌ലിമീങ്ങളായതുകൊണ്ട് ആത്മീയപരമായ കാര്യങ്ങളിൽ നബിﷺതിരുമേനിയുടെ ബയ്അത്തിൽ ഉൾപ്പെടുന്നവരും മുസ്‌ലിമീങ്ങളെന്നും മുഅമിനീങ്ങളെന്നും പറയപ്പെടുന്നവരും ആയിരിക്കാം. പക്ഷേ, നബിﷺതിരുമേനിയെ അംഗീകരിച്ച ഇക്കൂട്ടർ രാഷ്ട്രീയപരമായി അങ്ങനെ ആയിരിക്കുന്നതല്ല. ശരി, അല്ലായിരിക്കാം. നിങ്ങൾത്തന്നെ അവരെ നബിﷺതിരുമേനിയുടെ രാഷ്ട്രീയാധികാരത്തിൽനിന്ന് മാറ്റിനിറുത്തിയിരിക്കെ നബിﷺതിരുമേനിക്കുമേൽ ആക്ഷേപം ഉന്നയിക്കുന്നത് എങ്ങനെയാണ്? ഏതായാലും ഇത് മക്കയിലെ ഖുറയ്ശികളുടെ തന്ത്രമായിരുന്നു. അത് അവർക്കുതന്നെ തിരിച്ചടിയായി. നബിﷺതിരുമേനിയുടെ കോന്തല ഏതായാലും വിശുദ്ധമായിരിക്കുകയും ചെയ്തു. നബിﷺതിരുമേനി ഉടമ്പടിയുടെ വാക്കുകളും പൂർത്തീകരിച്ചു. അബൂ ബസ്വീറിനെ മക്കക്കാരുടെ കൈകളിൽ ഏൽപ്പിച്ചു. മദീനയിൽനിന്ന് തിരിച്ചയച്ചു. മാത്രമല്ല ഉടമ്പടിയുടെ ആത്മാവിനെയും നിലനിറുത്തി. അതായിരുന്നു ഈ ഉടമ്പടിയുടെ യഥാർഥ ഉദ്ദേശ്യവും. നബിﷺതിരുമേനി അബൂബസ്വീറിനെയും അദ്ദേഹത്തിന്റെ കൂട്ടുകാരെയും തന്റെ രാഷ്ട്രവൃത്തത്തിൽനിന്നും പുറത്താക്കി. അങ്ങനെ എല്ലാ നിലയ്ക്കും തന്റെ സത്യസന്ധത നിലനിറുത്തുകയും ചെയ്തു. മക്കക്കാരാകട്ടെ തങ്ങൾത്തന്നെ വിരിച്ച വലയിൽ വീഴുകയാണ് ചെയ്തത്. പിന്നെ വളരെ ഇളിഭ്യരായി നബിﷺതിരുമേനിയുടെ അടുത്തെത്തി തങ്ങൾ ഈ നിബന്ധനയെ ഉടമ്പടിയിൽനിന്ന് ഒഴിവാക്കുന്നതായി അറിയിച്ചു.

***വയ്‌ലുൻ ഉമ്മിഹി മുസ്‌യിറു ഹർബിൻ ലവ് കാന ലഹു അഹദുൻ*** (അയാളുടെ മാതാവിന് ദോഷമാകട്ടെ! ഇയാൾ യുദ്ധത്തീ കത്തിക്കുകയാണ്. ആരെങ്കിലും ഇയാളെ നിയന്ത്രിച്ചിരുന്നെങ്കിൽ) എന്ന നബിﷺതിരുമേനിയുടെ വാക്കുകളിൽ അബൂബസ്വീറിനുള്ള സൂചന ഉണ്ടെന്നാണ് പറയുന്നത്. അതോടൊപ്പം ഈ വാക്കുകളിലൂടെ നബിﷺതിരുമേനി നിങ്ങൾ വേറെ പാർട്ടി ഉണ്ടാക്കി ഖുറയ്ശികളുമായി യുദ്ധം ചെയ്തു തുടങ്ങുക എന്ന് സൂചന നൽകിയതായും ആക്ഷേപമുന്നയിക്കുന്നു. ഇതു എത്രമാത്രം അക്രമവും നിന്ദ്യമായ ബുദ്ധിയും ഉണ്ടായ സംഭവങ്ങളുടെ കാര്യത്തിലുള്ള അജ്ഞതയുമാണെന്ന് നോക്കുക. ഈ വാക്കുകൾ നബിﷺതിരുമേനിയുടെ സത്യസാക്ഷ്യത്തിനും അനാവശ്യമായ യുദ്ധങ്ങളിൽനിന്നുള്ള തന്റെ പിന്മാറ്റത്തിനുമുള്ള വ്യക്തമായ തെളിവാകുന്നു. നബിﷺതിരുമേനി ഇയാൾ യുദ്ധാഗ്നി ആളിക്കത്തിക്കാൻ ശ്രമിക്കുകയാണോ എന്നാണ് ചോദിക്കുന്നത്. അല്ലാതെ നിങ്ങൾ യുദ്ധം ചെയ്യൂ എന്ന് സൂചന നൽകുകയല്ല ചെയ്യുന്നത്. നബിﷺതിരുമേനി അബൂ ബസ്വീറിന്റെ പ്രവൃത്തിയിൽ തന്റെ നിരപരാധിത്ത്വവും അതുമായി ബന്ധമില്ലായ്മയും പ്രഖ്യാപിക്കുന്നു. അല്ലാതെ അദ്ദേഹത്തിന് രഹസ്യ സൂചന നൽകി യുദ്ധത്തിന് പ്രേരിപ്പിക്കുകയല്ല ചെയ്യുന്നത്.

ഇനി ആരെങ്കിലും സർ വില്യം

**• ഹദീഥുന്നബ്‌വിﷺ •**

**"അൽഅഅ്മാലു ബിൽ ഖവാതീമി"**

**കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.**

ത്വാലിബെ ദുആ

**RAHMAN SHAKEER & FAMILY**
AHMADIYYA JAMA-ATH KARULAI, KERALA

**• ഹദീഥുന്നബ്‌വിﷺ •**

**"ഊസ്വീക്കും ബിൽജാരി."**

**അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന് ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു.**

ത്വാലിബെ ദുആ

**P. ABDUL AMEER**
AHMADIYYA JAMA-ATH MANJERY, KERALA

മ്യൂറിനെപ്പോലെ നബിﷺതിരുമേനിയുടെ വാക്കുകളിലെ അവസാന പദങ്ങളായ ലൗ കാന ലഹു അഹദുൻ എന്നതിന് ഇദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നെങ്കിൽ എന്നാണ് അർഥമെന്ന് ധരിച്ചിട്ടുണ്ടെങ്കിൽ അയാൾ മനസിലാക്കിക്കൊള്ളട്ടെ, നബിﷺതിരുമേനിയുടെ ഉദ്ദേശ്യം ഇതുതന്നെയാണെങ്കിൽ പോലും അതിന്റെ അർഥം ഇയാൾക്ക് ആരെയെങ്കിലും കൂട്ടുകാരനായി കിട്ടിയാൽ യുദ്ധാഗ്നി ആളിക്കത്തിക്കാൻ സാധ്യതയുണ്ട് എന്നായിരിക്കും. അങ്ങനെയാണെങ്കിൽ ഈ സംസാരത്തിൽ യുദ്ധത്തിന് പ്രേരണ നൽകുന്ന സൂചന കാണപ്പെടാവുന്നതാണ്.

ഇതിനുള്ള മറുപടിയെന്തെന്നാൽ, ഞങ്ങൾ നൽകിയ വിവക്ഷിതം തികച്ചും അറബി ശൈലിക്ക് അനുസൃതമാകുന്നു. ഞങ്ങൾ വിവരിച്ച ചരിത്രവും അതിനുള്ള ഉദാഹരണങ്ങളും ഹദീഥുകളിൽ ഒരുപാട് കാണപ്പെടുന്നുണ്ട്. അതിനുപുറമേ കാൽപ്പനികമായി വില്യം മ്യൂർ ചെയ്തതുപോലെ അർഥം കൊടുക്കുകയാണെങ്കിൽ പോലും ഈ വാചകത്തിന്റെ സാഹചര്യത്തിൽ, അബൂബസ്വീറിന് തന്റെ സമാന ചിന്താഗതിയുള്ള ആളെ കിട്ടുകയാണെങ്കിൽ യുദ്ധാഗ്നി ആളിക്കത്തിക്കാൻ കഴിയുമെന്നും പക്ഷേ, ദൈവാധീനത്താൽ അയാൾക്ക് മദീനയിൽനിന്ന് അത്തരമൊരു സുഹൃത്ത് ലഭ്യമല്ലെന്നും മാത്രമേ അർഥമെടുക്കാൻ കഴിയുകയുള്ളൂ. ചുരുക്കത്തിൽ അയാൾക്ക് അങ്ങനെയൊരു കൂട്ടുകാരനെ കിട്ടിയെങ്കിൽ അതിന് സാധ്യതയുണ്ടെന്നും എന്നാൽ, ഞങ്ങളുടെ ഇടയിലുള്ള ഒരാളും അയാളെ സഹായിക്കുകയില്ലെന്നുമാണ് മനസ്സിലാകുന്നത്.

എന്തായാലും ഏതർഥം എടുക്കുകയാണെങ്കിലും ഈ വാചകത്തിന്റെ സാഹചര്യവും അതിന്റെ ആദ്യഭാഗവും വ്യക്തമായും തെളിയിക്കുന്നത് നബിﷺതിരുമേനിയുടെ ഉദ്ദേശ്യം അബൂബസ്വീറിനെ ഗുണദോഷിക്കുക ആയിരുന്നുവെന്നും യുദ്ധത്തിന് പ്രേരിപ്പിക്കുക അല്ലായിരുന്നു എന്നുമാണ്.

തന്റെ വാക്കുകൾ, കോപവും ഗുണദോഷിക്കലുമുള്ള വാക്കുകൾ കൊണ്ട് തന്റെ സംസാരം തുടങ്ങുന്ന വ്യക്തി, അതായത് അയാളുടെ മാതാവിന് അത് ദോഷകരമായി ഭവിക്കട്ടെ എന്ന് പറഞ്ഞ് സംസാരം തുടങ്ങുമ്പോൾ യുദ്ധം ആളിക്കത്തിക്കുന്ന ആളാകുന്നതെങ്ങനെ? ഇങ്ങനെയുള്ള വാക്കുകൾ പറഞ്ഞയുടൻതന്നെ പക്ഷേ, നീ യുദ്ധം തുടങ്ങിക്കോ എന്നും പറയുമോ? ഏതായാലും ആക്ഷേപിക്കാനുള്ള താൽപര്യത്തിൽ ബുദ്ധിയെ കൈയൊഴിയാൻ പാടില്ലായിരുന്നു. എന്നാൽ, തങ്ങൾ ഓറിയന്റലിസ്റ്റുകളും വിദ്യാസമ്പന്നരുമാണെന്ന് പറയുന്നവർ നബിﷺതിരുമേനിയുടെ വിശുദ്ധ വ്യക്തിത്വത്തെക്കുറിച്ചും ഇസ്‌ലാമിക ചരിത്രത്തെക്കുറിച്ചും ആക്ഷേപം ഉന്നയിക്കുമ്പോൾ തീർത്തും ബുദ്ധിമാന്ദ്യം ഉള്ളവരെപ്പോലെയാണ് സംസാരിക്കുന്നത്. പിന്നെ മറ്റൊരു കാര്യം ശ്രദ്ധിക്കേണ്ടതെന്തെന്നാൽ, അബൂബസ്വീറിനെ നബിﷺതിരുമേനിയുടെ വാക്കുകൾ എങ്ങനെയാണ് സ്വാധീനിച്ചതെന്നും അദ്ദേഹം അതിനെന്ത് അർഥം കൊടുത്തു എന്നുമുള്ള കാര്യമാണ്. ഇത് സംബന്ധിച്ച് നിവേദനങ്ങളിലുള്ള വാക്കുകൾ ഇപ്രകാരമാണ്: ***ഫലമ്മാ സമിഅ ദാലിക്ക അറഫ അന്നഹു സയറുദ്ദുഹു ഇലയ്ഹിം,*** അതായത് അബൂബസ്വീർ, നബിﷺതിരുമേനിയുടെ വാക്കുകൾ കേട്ടപ്പോൾത്തന്നെ നബിﷺതിരുമേനി എന്തായാലും മക്കക്കാരുടെ കൂടെ തിരിച്ചയക്കുമെന്ന് മനസ്സിലാക്കി. അപ്പോൾ അദ്ദേഹം രഹസ്യമായി മറ്റൊരു വഴിയിലൂടെ ഓടിപ്പോവുകയാണ് ചെയ്തത്.

അഹോ കഷ്ടം! ഏതൊരു വ്യക്തിയെ സംബോധന ചെയ്തുകൊണ്ടാണോ ഈ വാക്കുകൾ പറഞ്ഞത്, അദ്ദേഹം മനസ്സിലാക്കിയതുതന്നെ തന്റെ പ്രവൃത്തിയിൽ അസന്തുഷ്ടി പ്രകടിപ്പിച്ചുവെന്നും തന്നെ മക്കക്കാരുടെ ഇടയിലേക്ക് തിരിച്ചയക്കുകയുമാണ് എന്നുമായിരുന്നു. എന്നാൽ, ആയിരത്തിമുന്നൂറ് വർഷത്തിനുശേഷം വന്നിരിക്കുന്ന നമ്മുടെ 'ഉദാരമതികൾ', അബൂ ബസ്വീറിനോട് സ്വന്തം ഗ്രൂപ്പുണ്ടാക്കി യുദ്ധം ചെയ്യാൻ പ്രേരിപ്പിച്ചുവെന്ന് പറയുന്നു. ഇത് പക്ഷപാതത്തിന്റെ അങ്ങേയറ്റമാണ്. അന്യായത്തിനും ഒരു പരിധിയൊക്കെ ഉണ്ടാകേണ്ടതാണ്!*(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്رضی اللہ عنہ എം.എ. പേജ് 778-785)*

നീതിയെക്കുറിച്ച് വിളംബരപ്പെടുത്തുന്നവരുടെ ഈ ഇരട്ടത്താപ്പ് എപ്പോഴും ലോകത്ത് കലാപത്തിന് ഇടവരുത്തിയിട്ടുണ്ട്. ഇന്നും അതുതന്നെയാണ് തുടർന്ന് കൊണ്ടിരിക്കുന്നത്. അല്ലാഹു ഇപ്പോഴും ലോകത്തിനും പ്രത്യേകിച്ച് മുസ്‌ലിമീങ്ങൾക്കും വിവേകം നൽകുകയും ഈ ദജ്ജാലി ഫിത്നയിൽനിന്ന് സംരക്ഷണം നൽകുകയും ചെയ്യുമാറാകട്ടെ. *(വിവർത്തനം: എച്ച് ശംസുദ്ദീൻ കാവശ്ശേരി, ടൈപ്പ്സെറ്റിങ്ങ്: താരിഖ് അലനല്ലൂർ)(അൽഫള്ൽ ഇന്റർനാഷണൽ 2024 ഡിസംബർ 27 പേജ് 2-6)*

പേജ് 1 ൽ നിന്ന്

ജോലി. അവയിലൊന്ന് ശരിയായ വിശ്വാസങ്ങളാണ്. അല്ലാഹു സമ്പൂർണവും തികവുറ്റതുമായ ശരിയായ വിശ്വാസങ്ങളുടെ വഴി നമുക്ക് അവന്റെ നബിﷺതിരുമേനി മുഖേന പ്രയാസങ്ങളും അധ്വാനവുമൊന്നുംകൂടാതെ കാണിച്ചുതന്നുവെന്നത് അവന്റെ തികവാർന്ന കൃപയാണ്. ആ വഴി നിങ്ങൾക്ക് ഇക്കാലത്ത് കാണിക്കപ്പെട്ടു. ധാരാളം പണ്ഡിതന്മാർ ഇപ്പോഴും അതിൽനിന്ന് പിന്തള്ളപ്പെട്ടിരിക്കുകയാണ്. അതിനാൽ അല്ലാഹുവിന്റെ ഫള്ലിനും നിഅ്മത്തിനും നന്ദി കാണിക്കുക. സത്യഹൃദയത്തോടെ ആ സൽക്കർമങ്ങൾ അനുഷ്ഠിക്കുക എന്നതാണ് ആ നന്ദി;അത് ശരിയായ വിശ്വാസങ്ങൾക്കു ശേഷം രണ്ടാമത്തെ ഭാഗത്ത് വരുന്നതാണ്. അല്ലാഹു ഈ ശരിയായ വിശ്വാസത്തിൽ ഉറപ്പിച്ചുനിറുത്തുന്നതിനും സൽക്കർമം ചെയ്യാൻ തൗഫീഖ് നല്കുന്നതിനും തങ്ങളുടെ കർമപരമായ അവസ്ഥ പ്രയോജനപ്പെടുത്തി ദുആ ചെയ്യുക. ആരാധനയുടെ ഭാഗത്താണ് നോമ്പ്, നമസ്കാരം, സക്കാത്ത് തുടങ്ങിയവ വരുന്നത്. ഇനി നിങ്ങൾ സങ്കൽപിക്കുക, ഉദാഹരണത്തിന് നമസ്കാരംതന്നെ. ഇതു ലോകത്തുവന്നു. പക്ഷേ,, ലോകത്തു നിന്നല്ല വന്നത്. നബിﷺതിരുമേനി പറഞ്ഞു: **ഖുർറത്തു അയ്നീ ഫിസ്സ്വലാത്തി** (*മൽഫൂദാത്ത് വാല്യം 1, പേജ് 127 - 129, ഖാദിയാൻ 2018)*

പേജ് 12 ൽ നിന്ന്

മായിരുന്നു. മർഹൂമിന്റെ സന്തപ്ത കുടുംബത്തിൽ പിതാവ്,മാതാവ് മഖ്സൂദ ബീവി സാഹിബ, ഭാര്യ ഗസാലാ സാഹിബ, രണ്ട് സഹോദരന്മാർ എന്നിവരുണ്ട്. അദ്ദേഹത്തിന്റെ ഒരു സഹോദരൻ വഖ്ഫ് ജദീദ് മുഅല്ലിമാണ്. മർഹൂമിന് മക്കളില്ല. മർഹൂമിന് രണ്ട് സഹോദരിമാരുണ്ട്. അല്ലാഹു ശഹീദ് മർഹൂമിന്റെ പദവികളുയർത്തുകയും സന്തപ്ത കുടുംബത്തിന് ക്ഷമനൽകുകയും ചെയ്യുമാറാകട്ടെ. (തുടരും)

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ...
ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

https://akhbarbadr.in

The Weekly BADR Qadian
(Malayalam)

നൂറുൽ ഇസ്‌ലാം വകുപ്പിന്റെ
പ്രവർത്തന സമയം:
രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസംഅവധിയായിരിക്കും.

1800 3010 2131

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

• ഹദീഥുന്നബ്‌വിﷺ •

"അത്തഅ്സിയത്തു മർറത്തുൻ."
അനുശോചനം ഒറ്റത്തവണ മതി.

ത്വാലിബെ ദുആ
E.H.NAJEEB AND FAMILY
KAKKANAD, ERNAKULAM

• ഹദീഥുന്നബ്‌വിﷺ •

"അദ്ദുആഉ ഹുവൽ ഇബാദത്തു."
ദുആ തന്നെയാണ് യഥാർഥ ആരാധന

ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA'ATH KARULAI, MALAPPURAM,KERALA.

# ഖുത്വ്ബ ജുമുഅ

**"യാ റസൂലല്ലാഹ്! മുഴുലോകത്തുംവച്ച് അങ്ങയോടും അങ്ങയുടെ ദീനിനോടും അങ്ങയുടെ നഗരത്തോടും അങ്ങേയറ്റം ശത്രുത ഉണ്ടായിരുന്ന ഒരുകാലം എനിക്കുണ്ടായിരുന്നു. എന്നാൽ, ഇപ്പോൾ അങ്ങയും അങ്ങയുടെ ദീനും അങ്ങയുടെ നഗരവും എനിക്ക് അങ്ങേയറ്റം പ്രിയപ്പെട്ടതായിരിക്കുന്നു."(ഥുമാമ ബിൻ ഉഥ്ഥാൽ)**

## ഖുർത്വാഅ് സരിയ്യത്തിന്റെ അവസ്ഥകളുടേയും സംഭവങ്ങളുടേയും വിശദീകരണം

**യു.കെ യിലെ അബ്ദുല്ലത്വീഫ് ഖാൻ സാഹിബ്, റാവൽപിണ്ടി രാജുൻപൂരിലെ ത്വയ്യിബ് അഹ്മദ് സാഹിബ് ശഹീദ്, അസീസം മഹൻദ് മുഅയ്യദ് അബൂ ഉവാദ സാഹിബ് ഓഫ് ഗസ്സ, മൗലവി അയ്യൂബ് ബട്ട് സാഹിബ് ദർവേശ് ഖാദിയാൻ, ഡോക്ടർ മസ്ഊദ് അഹ്മദ് മലിക് സാഹിബ് ഓഫ് അമേരിക്ക, ശബീർ അഹ്മദ് ലോധീ സാഹിബ് തുടങ്ങിയവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഹാളിറും ഗാഇബും.**

**ഖുത്ബ ജുമുഅ 2024 ഡിസംബർ 13, 1403 ഫതഹ് 13, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ايده الله تعالىٰ بنصره العزيز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

നബിﷺതിരുമേനിയുടെ ചരിത്രത്തിന്റെ വെളിച്ചത്തിൽ ഇന്ന് ഒരു സരിയ്യത്തിനെ അഥവാ നബിﷺതിരുമേനി നിയോഗിച്ച സേന നടത്തിയ യുദ്ധത്തെക്കുറിച്ച് പരാമർശിക്കുന്നതാണ്. ഇത് സരിയ്യഃ ഖുർത്വാഅ് എന്ന പറയപ്പെടുന്നു. ഈ സരിയ്യഃ ഹിജ്റ ആറാം വർഷം മുഹർറം 10-നാണ് നടന്നത്. നബിﷺതിരുമേനി ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമയെ മുപ്പതാളുകളോടൊപ്പം ഖുർത്വാഇന്റെ ഭാഗത്ത് അയച്ചു.

ഖുർത്വാഅ് ബനുബക്ർ ബിൻ കിലാബിന്റെ ഒരു ശാഖയായിരുന്നു. ഇവർ ളരിയ്യായുടെ പ്രദേശങ്ങളിൽ ബക്റാത്ത് എന്ന സ്ഥലത്താണ് വസിച്ചിരുന്നത്. ബക്റാത്ത് മദീനയിൽനിന്ന് ഏഴ് രാത്രികളുടെ യാത്രാദൂരത്തുള്ള സ്ഥലമായിരുന്നു. ളരിയ്യ ബനൂ കിലാബിന്റെ ഒരു അതിപുരാതന ജനവാസ നാടായിരുന്നു. പുരാതന ചരിത്രങ്ങളിൽനിന്ന് ലഭിക്കുന്ന നിവേദനങ്ങളനുസരിച്ച് ഇതും മദീനയിൽനിന്ന് ഏഴ് രാത്രികളുടെ യാത്രാദൂരത്തുള്ള സ്ഥലമായിരുന്നു. ഇന്ന് ദൂരം കുറഞ്ഞിട്ടുണ്ടാകും. ളരിയ്യ മദീനയിൽനിന്ന് ഒന്നോ രണ്ടോ രാത്രികളുടെ യാത്രാദൂരമുള്ള സ്ഥലമാണെന്നും ഒരു നിവേദനത്തിലുണ്ട്.*(അത്ത്വബഖാത്തുൽകുബറാ ലിഇബ്നി സഅ്ദ് വാള്യം 2, പേജ് 60, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത്) (സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്ؓഎം.എ. പേജ് 663-664)(ഫർഹങ്കെ സീറത്ത് പേജ് 60, 233, സവാർ അക്കാഡമി കറാച്ചി)(സുബുലുൽ ഹുദാ വർറശാദ് വാള്യം 6, പേജ് 71 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഈ മുപ്പത് സ്വഹാബാക്കളിൽ ഹദ്റത്ത് അബ്ബാദ് ബിൻ ബിശ്ർ, ഹദ്റത്ത് സലമഃ ബിൻ സലാമഃ, ഹദ്റത്ത് ഹാരിഥ് ബിൻ ഹസ്മ എന്നിവരുമുണ്ടായിരുന്നു. നബിﷺതിരുമേനി ഈ സംഘത്തോടു രാത്രിയിൽ യാത്ര ചെയ്യാനും പകൽ സമയത്ത് ഒളിഞ്ഞിരിക്കാനും അവർക്കുമേൽ ഓർക്കാപ്പുറത്ത് ആക്രമണം നടത്താനും കൽപ്പന നൽകി. അങ്ങനെ അവർ ശറബ്ബ എന്ന സ്ഥലത്തെത്തി. ശറബ്ബ നജ്ദിലുള്ള ഒരു സ്ഥലമാണ്. അവിടെ അവർക്ക് കുറച്ച് യാത്രക്കാരെ കിട്ടി. ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമؓതന്റെ കൂട്ടത്തിലുള്ള ഒരാളെ അവരാരാണെന്ന് അന്വേഷിച്ചു വരാൻ പറഞ്ഞയച്ചു. അദ്ദേഹം പോയി തിരിച്ചു വന്നുപറഞ്ഞു, അവർ മുഹാരിബ് ഗോത്രത്തിലെ ആളുകളാകുന്നു. അവർ സമീപത്തു തമ്പടിക്കുകയും തങ്ങളുടെ മൃഗങ്ങളെ മേയാൻ വിട്ടിരിക്കുകയുമാണ്. അവരുടെ മൃഗങ്ങൾ വെള്ളത്തിന് ചുറ്റും ഇരിക്കുന്നതുവരേയും മുസ്‌ലിമീങ്ങൾ അവർക്ക് സാവകാശം നല്കുകയും പിന്നീട് അവരെ ആക്രമിക്കുകയും ചെയ്തു. അവരിൽ കുറച്ചുപേരെ വധിക്കുകയും ബാക്കിയുള്ളവർ ഓടിപ്പോവുകയും ചെയ്തു. ഓടിപ്പോയവരെ പിന്തുടർന്ന് പോയില്ല. സ്വഹാബാക്കൾ ഒട്ടകങ്ങളെയും ആടുകളെയും തെളിച്ചുകൊണ്ടുവരികയും സ്ത്രീകളെ ഒന്നും പറയാതിരിക്കുകയും ചെയ്തു. പിന്നീട് അവിടെനിന്നു പുറപ്പെടുകയും ബനുബക്റിനെ കാണാൻ കഴിയുന്ന ഒരു സ്ഥലത്തെത്തുകയും ചെയ്തു. ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമ, ഹദ്റത്ത് ആഇദ് ബിൻ ബുസ്റിനെ ബനുബക്റിന്റെ അവസ്ഥകൾ അറിഞ്ഞു വരാൻ പറഞ്ഞു വിട്ടു. ഹദ്റത്ത് ആഇദ് ബിൻ ബുസ്ർ തിരിച്ചുവന്ന് ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമയോടു കാര്യങ്ങളെല്ലാം പറഞ്ഞു. ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമ തന്റെ കൂട്ടുകാരോടൊപ്പം പുറപ്പെടുകയും ബനൂബക്റിനെ ആക്രമിക്കുകയും ചെയ്തു. അവരിലെ 10 പേർ വധിക്കപ്പെട്ടു. ഒട്ടകങ്ങളെയും ആടുകളെയും തെളിച്ച് കൊണ്ടുവന്നു. അങ്ങനെ മദീനയിലേക്ക് അവർ ധിറുതിയിൽ നീങ്ങി. ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമ തന്റെ ഏതാനും കൂട്ടുകാരെ ആടുകളോടൊപ്പം പിന്നാലെ വിട്ടു. ഒട്ടകങ്ങളെ സ്വയം തെളിച്ചുകൊണ്ട് നബിﷺതിരുമേനിയുടെ അടുത്ത് മദീനയിലെത്തി. അതിനുശേഷമാണ് ആടുകളെത്തിയത്. നബിﷺതിരുമേനി അതിലെ അഞ്ചിലൊന്ന് മാറ്റിവയ്ക്കുകയും ബാക്കി മുഹമ്മദ് ബിൻ മസ്‌ലമയ്ക്കും കൂട്ടുകാർക്കും വിതരണവും ചെയ്തു. ഒരു ഒട്ടകം പത്ത് ആടുകൾക്ക് സമമായിട്ടാണ് കൊടുത്തത്.*(സുബുലുൽ ഹുദാ വർറശാദ് വാള്യം 6, പേജ് 71 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ഫർഹങ്കെ സീറത്ത് പേജ് 217, പ്രസാധനം സവാർ അക്കാഡമി കറാച്ചി)*

ഇത് മുഴുവനും ഒരു ചരിത്രഗ്രന്ഥത്തിലെ നിവേദനമാണ്. അതിൽ വിശദീകരണങ്ങളില്ല. അതുകൊണ്ട് വലിയ അക്രമം നടന്നുവെന്നാണ് തോന്നുന്നത്. പിന്നീട് ഇതിന്റെ വിശദീകരണവും വരും. മൊത്തം 150 ഒട്ടകങ്ങളും 3000 ആടുകളുമുണ്ടായിരുന്നു.*(അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, വാള്യം 2, പേജ് 60 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഈ യുദ്ധ നടപടിക്ക് ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമ 19 രാത്രികൾ മദീനയ്ക്ക് പുറത്ത് കഴിച്ചു കൂട്ടി. ഹിജ്റ ആറാം വർഷം മുഹർറ മാസം 29-നാണ് അദ്ദേഹം മദീനയിൽ തിരിച്ചെത്തിയത്." *(സുബുലുൽ ഹുദാ വർറശാദ് വാള്യം 6, പേജ് 71 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

വിവിധ ഗ്രന്ഥങ്ങളിൽ നിന്നും ചരിത്രങ്ങളിൽനിന്നും ഹദ്റത്ത് മിർസ ബശീർ അഹ്മദ് സാഹിബ്ؓ ഇതിന്റെ വിശദീകരണം എഴുതിയത് ഇങ്ങനെയാണ്: "ഹിജ്റ വർഷം 6 ആരംഭിച്ചതേ ഉണ്ടായിരുന്നുള്ളൂ. ചന്ദ്ര വർഷത്തിലെ ആദ്യ മാസത്തിൽ അതായത് മുഹർറ മാസത്തിന്റെ ആരംഭ ദിവസങ്ങളിൽ തന്നെ നബിﷺതിരുമേനിക്ക് നജ്ദ് വാസികളിൽനിന്ന് അപകടത്തെ കുറിച്ച് അറിയിപ്പുകൾ ലഭിക്കുന്നുണ്ടായിരുന്നു. ഈ ആശങ്ക ഖുർത്വാഅ് ഗോത്രത്തിൽ നിന്നുമായിരുന്നു ഉണ്ടായിരുന്നത്. ഖുർത്വാഅ് ഗോത്രം ബനുബക്ർ ഗോത്രത്തിന്റെ ഒരു ശാഖയായിരുന്നു. ഇവർ നജ്ദിന്റെ പ്രദേശത്ത് ളരിയ്യ എന്ന സ്ഥലത്താണ് വസിച്ചിരുന്നത്. ഇത് മദീനയിൽനിന്ന് ഏഴ് രാത്രികളുടെ യാത്രാദൈർഘ്യമുള്ള ഒരു സ്ഥലമാണ്. ആശങ്കയുടെ വാർത്ത കിട്ടിയ

ഉടൻതന്നെ നബിﷺ30 ആളുകളുടെ ഒരു ചെറിയ സംഘത്തെ തന്റെ സ്വഹാബിയായ മുഹമ്മദ് ബിൻ മസ്‌ലമയുടെ നേതൃത്വത്തിൽ നജ്ദ് ഭാഗത്ത് അയച്ചു. എന്നാൽ, അല്ലാഹു സത്യനിഷേധികളുടെ ഹൃദയത്തിലുണ്ടാക്കിയ ഭയം കാരണം അവർ ഒരു ചെറിയ ഏറ്റുമുട്ടലിനു ശേഷം ക്ഷണത്തിൽ അവിടെനിന്നോടിപ്പോയി. അന്നത്തെ യുദ്ധ രീതി അനുസരിച്ച് മുസ്‌ലിമീങ്ങൾക്ക് ശത്രുക്കളുടെ സ്ത്രീകളെയും കുട്ടികളെയും ബന്ദിയാക്കാമായിരുന്നു. കാരണം ശത്രുക്കൾ അവരെ ഉപേക്ഷിച്ച് ഓടിപ്പോയതാണ്. എന്നാൽ, മുഹമ്മദു ബിൻ മസ്‌ലമ സ്ത്രീകളെയും കുട്ടികളെയും ഒഴിവാക്കുകയാണ് ചെയ്തത്. ഒട്ടകങ്ങളും ആടുകളും അടങ്ങുന്ന പൊതുവായ സാധനസാമഗ്രികൾ സമരാർജിത സ്വത്തെന്ന് നിലയ്ക്ക് എടുത്തു. അതുമായി അവർ മദീനയിലേക്ക് തിരിച്ചു*(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്رضی اللہ عنہ എം.എ. പേജ് 662-663)*

ഇവിടെ ഒരു കാര്യം കൂടി വിശദീകരിക്കപ്പെടുന്നു. അതായത് ശത്രുജനത മദീനയുടെമേൽ ആക്രമണം നടത്താൻ പദ്ധതിയിടുകയായിരുന്നു, അതിനെ തടയുന്നതിന് വേണ്ടിയാണ് നബിﷺ തിരുമേനി ഈ സംഘത്തെ അയച്ചത്. അവിടെ പോയി അവർ സ്ത്രീകളെയും കുട്ടികളെയും ഒന്നും പറയാതെ വെറുതെ വിട്ടുകൊണ്ട് സഹിഷ്ണുത കാണിക്കുകയും ചെയ്തു.

ഈ അവസരത്തിൽ ഥുമാമ ബിൻ ഉഥ്ഥാൽ ബന്ദിയാക്കപ്പെട്ടതിനെ സംബന്ധിച്ചും അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചതിനെ കുറിച്ചും പരാമർശമുണ്ട്. അതിന്റെ വിശദീകരണത്തിൽ സീറത്ത് ഖാത്തമുന്നബിയ്യീനിൽ എഴുതുന്നു: "ഖുർത്വാഅ് സരിയ്യത്തിൽനിന്ന് തിരിച്ചു വരുമ്പോഴാണ് ഥുമാമ ബിൻ ഉഥ്ഥാൽ ബന്ദിയാക്കപ്പെട്ട സംഭവമുണ്ടായത്. ഇയാൾ യമാമയിൽ വസിക്കുന്ന ആളും ബനു ഹനീഫ ഗോത്രത്തിന്റെ വളരെ സ്വാധീനമുള്ള നേതാവുമായിരുന്നു. ഇയാൾ ഇസ്‌ലാമിന്റെ വിരോധത്തിൽ എത്രമാത്രം മുന്നേറിയെന്നാൽ എപ്പോഴും നിർദ്ദോഷികളായ മുസ്‌ലിമീങ്ങളെ കൊല്ലാൻ പിന്നാലെ കൂടിയിരുന്നു. അങ്ങനെ ഒരിക്കൽ നബിﷺതിരുമേനിയുടെ ദൂതൻ ഈ പ്രദേശത്ത് പോയപ്പോൾ അയാൾ എല്ലാ യുദ്ധനിയമങ്ങളെയും കാറ്റിൽ പറത്തിക്കൊണ്ട് അദ്ദേഹത്തെ വധിക്കാൻ ഗൂഢാലോചന നടത്തി. മാത്രമല്ല ഒരിക്കൽ അയാൾ നബിﷺതിരുമേനിയെ വധിക്കുന്നതിനും പദ്ധതിയിട്ടിരുന്നു. മുഹമ്മദ് ബിൻു മസ്‌ലമയുടെ സംഘം ഥുമാമയെ ബന്ദിയാക്കി കൊണ്ടുവന്നപ്പോൾ അവർക്ക് അത് ആരാണെന്ന് അറിയില്ലായിരുന്നു. മാത്രമല്ല അവർ ഒരു സംശയത്തിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹത്തെ ബന്ദിയാക്കിയിരുന്നത്. ഥുമാമയും വളരെ ബുദ്ധിപൂർവ്വം തന്റെ യാഥാർഥ്യം വെളിപ്പെടാതിരിക്കാൻ ശ്രദ്ധിച്ചു. കാരണം ഇസ്‌ലാമിന്നെതിരെ വളരെ ഭയാനകമായ കുറ്റങ്ങൾ താൻ ചെയ്തിട്ടുണ്ടെന്നും ഇസ്‌ലാമിന്റെ ഈ സ്വാഭിമാനമുള്ള ഭടന്മാർക്ക് താനാരാണെന്ന് മനസ്സിലായാൽ ഒരുപക്ഷേ, അവർ കഠിനമായി പ്രവർത്തിക്കുകയോ കൊല്ലുകയോ ചെയ്യുമെന്നും അയാൾ ചിന്തിച്ചു. കാരണം അയാൾ മുസ്‌ലിമീങ്ങൾക്ക് ദോഷകരമായ അത്തരത്തിലുള്ള നിരവധി കാര്യങ്ങളും ചെയ്തിട്ടുണ്ടായിരുന്നു. അതേസമയം നബിﷺ തിരുമേനിയിൽ നിന്ന് അയാൾ കൂടുതൽ നല്ല രീതിയിലുള്ള പെരുമാറ്റം പ്രതീക്ഷിക്കുന്നുമുണ്ടായിരുന്നു. നബിﷺതിരുമേനിയുടെ അടുത്തെത്തിയാൽ അവിടെനിന്ന് നല്ല പെരുമാറ്റമുണ്ടാകുമെന്ന് അയാൾ കരുതി. അങ്ങനെ മദീനയിൽ തിരിച്ചു വരുന്നതുവരെയും മുഹമ്മദ് ബിൻ മസ്‌ലമയുടെ സംഘത്തിന് ഥുമാമയുടെ വ്യക്തിത്വം ഗോപ്യമായിരുന്നു.

മദീനയിലെത്തിയപ്പോൾ ഥുമാമ, നബിﷺതിരുമേനിയുടെ മുന്നിൽ ഹാജരാക്കപ്പെട്ടു. നബിﷺതിരുമേനി അയാളെ കണ്ടപ്പോൾ തിരിച്ചറിഞ്ഞു. മുഹമ്മദ് ബിൻ മസ്‌ലമയോടും അദ്ദേഹത്തിന്റെ കൂട്ടാളികളോടും നബിﷺതിരുമേനി ചോദിച്ചു; ഇതാരാണെന്ന് നിങ്ങൾക്കറിയാമോ? അവർക്ക് അറിയില്ലെന്ന് പറഞ്ഞപ്പോൾ നബിﷺതിരുമേനി അയാളുടെ യാഥാർഥ്യം അവർക്കു മുന്നിൽ വെളിപ്പെടുത്തി. അതിനു ശേഷം നബിﷺതിരുമേനി തന്റെ സ്വഭാവ രീതിയനുസരിച്ച് ഥുമാമയോടു നല്ല രീതിയിൽ വർത്തിക്കണമെന്ന് കൽപ്പിച്ചു. പിന്നീട് തന്റെ വീട്ടിൽ പോയി വീട്ടിലുള്ള ഭക്ഷണം ഥുമാമക്ക് കൊടുത്തയാക്കാൻ പറഞ്ഞു. അതോടൊപ്പം സ്വഹാബാക്കൾക്ക് ഇപ്രകാരം നിർദ്ദേശം നൽകി: ഥുമാമയെ മറ്റേതെങ്കിലും സ്ഥലത്തേക്ക് മാറ്റുന്നതിനുപകരം മസ്ജിദ് നബ്‌വിയുടെ മുറ്റത്ത് ഏതെങ്കിലും തൂണിൽ കെട്ടിയിടുക. അതുകൊണ്ട് നബിﷺതിരുമേനി ഉദ്ദേശിച്ചത് അവിടുത്തെ സദസ്സുകളും മുസ്‌ലിമീങ്ങളുടെ നമസ്കാരവുംകണ്ട് അയാളുടെ മനസ്സ് സ്വാധീനിക്കപ്പെടണമെന്നും ഇസ്‌ലാമിലേക്ക് അയാൾ ചായണമെന്നും ആയിരുന്നു. ഏതായാലും അങ്ങനെത്തന്നെ അയാളെ കെട്ടിയിട്ടു."

അയാളെ ഇങ്ങനെയാണ് കെട്ടിയിട്ടത്. ദ്വേഷത്തിലിരുന്ന് ആകർഷിക്കപ്പെടാത്തവിധം ഒരു തടവുപുള്ളിയെ കൈകാലുകൾ ഇളക്കാൻപോലും പറ്റാത്തവിധമല്ല അദ്ദേഹത്തെ കെട്ടിയിട്ടത്. പ്രത്യുത സാധാരണക്കാരായ ബന്ദികളെ കെട്ടിയിടുന്നതുപോലെയായിരുന്നു അദ്ദേഹത്തെ കെട്ടിയിട്ടത്.

ഈ ദിവസങ്ങളിൽ നബിﷺതിരുമേനി എല്ലാ ദിവസവും രാവിലെ നേരത്ത് ഥുമാമയുടെ അടുത്തെത്തി ഥുമാമാ! എന്താണ് താങ്കളുടെ ഉദ്ദേശ്യമെന്ന് ചോദിച്ചിരുന്നു. ഥുമാമ ഇപ്രകാരം മറുപടി കൊടുത്തു: "അല്ലയോ മുഹമ്മദ്ﷺ! താങ്കളെന്നെ കൊല്ലാനുദ്ദേശിക്കുന്നെങ്കിൽ താങ്കൾക്കതിനുള്ള അവകാശമുണ്ട്. കാരണം എനിക്കെതിരിൽ കൊലക്കുറ്റം ചുമത്തപ്പെട്ടിട്ടുണ്ട്. എന്നാൽ, അങ്ങ് ഔദാര്യം കാണിക്കുകയാണെങ്കിൽ ഞാൻ താങ്കളോട് നന്ദിയുള്ളവനായിരിക്കും. ഇനി അങ്ങ് ഫിദ്‌യ ആഗ്രഹിക്കുന്നുവെങ്കിൽ ഞാൻ ഫിദ്‌യ നൽകാനും തയ്യാറാണ്." മൂന്നുദിവസം ഇത്തരത്തിലുള്ള ചോദ്യോത്തരങ്ങൾ തുടർന്നുകൊണ്ടിരുന്നു. അവസാനം മൂന്നാമത്തെ ദിവസം നബിﷺതിരുമേനി സ്വഹാബാക്കളോട് പറഞ്ഞു: 'ഥുമാമയെ കെട്ടഴിച്ച് സ്വതന്ത്രനാക്കുക.' സ്വഹാബാക്കൾ ഉടൻതന്നെ സ്വതന്ത്രനാക്കി. ഥുമാമ വളരെ വേഗം മസ്ജിദിൽനിന്ന് പുറത്തുപോയി. സ്വഹാബാക്കൾ കരുതിയത് അയാൾ തന്റെ നാട്ടിൽ പോയിട്ടുണ്ടായിരിക്കുമെന്നാണ്. എന്നാൽ, ഥുമാമയുടെ മനസ്സ് കീഴടങ്ങിക്കഴിഞ്ഞിരിക്കുന്നുവെന്ന് നബിﷺതിരുമേനി മനസ്സിലാക്കിക്കഴിഞ്ഞിരുന്നു." ഇപ്പോൾ അയാളിൽ നബിﷺതിരുമേനിയുടെ പരിശുദ്ധ ശക്തിയുടെ സ്വാധീനമുണ്ടായിക്കഴിഞ്ഞിരിക്കുന്നു. ഫലമുണ്ടായതും ഇതുതന്നെയായിരുന്നു. തുടർന്നെഴുതുന്നു: "അങ്ങനെ അയാൾ അടുത്തുതന്നെയുള്ള ഒരു തോട്ടത്തിൽപ്പോയി. കുളിച്ചൊരുങ്ങി തിരിച്ചെത്തി. ഉടൻതന്നെ നബിﷺതിരുമേനിയുടെ കൈകളിൽ മുസ്‌ലിമായി. അതിനു ശേഷം അദ്ദേഹം പറഞ്ഞു:

"യാ റസൂലല്ലാഹ്! മുഴുലോകത്തും വച്ച് അങ്ങയോടും അങ്ങയുടെ ദീനിനോടും അങ്ങയുടെ നഗരത്തോടും അങ്ങേയറ്റം ശത്രുത ഉണ്ടായിരുന്ന ഒരുകാലം എനിക്കുണ്ടായിരുന്നു. എന്നാൽ, ഇപ്പോൾ അങ്ങയും അങ്ങയുടെ ദീനും അങ്ങയുടെ നഗരവും എനിക്ക് അങ്ങേയറ്റം പ്രിയപ്പെട്ടതായിരിക്കുന്നു."

അന്നേദിവസം വൈകുന്നേരം പതിവുപോലെ ഥുമാമയ്ക്കുവേണ്ടി ഭക്ഷണം കൊണ്ടുവന്നപ്പോൾ അദ്ദേഹം വളരെ കുറച്ചു മാത്രം ഭക്ഷണം കഴിച്ച് ബാക്കി ഒഴിവാക്കി. അപ്പോൾ സ്വഹാബാക്കൾ അത്ഭുതപ്പെട്ടു. ഇന്നുവരെയും ഥുമാമ ധാരാളം ഭക്ഷണം കഴിച്ചിരുന്നു." അന്ന് ബന്ദിയാക്കപ്പെട്ട, ബന്ധനസ്ഥനാക്കപ്പെട്ട അവസ്ഥയിലായിരുന്നു. ഇവിടെ ഒരു കാര്യം വ്യക്തമാകുന്നുണ്ട്, അദ്ദേഹത്തെ ബന്ദിയാക്കിയെങ്കിലും അന്നപാനീയങ്ങൾ കഴിക്കാൻ കഴിയുമായിരുന്നു. അദ്ദേഹത്തിന്റെ ഭക്ഷണകാര്യത്തിൽ നല്ലപോലെ ശ്രദ്ധിക്കുകയും ചെയ്തിരുന്നു. ഏതായാലും അന്ന് അദ്ദേഹം വളരെ കുറച്ചു മാത്രമാണ് ഭക്ഷണം കഴിച്ചത്. നേരത്തെ ധാരാളം കഴിച്ചിരുന്നു. പെരുംതീറ്റക്കാരനായിരുന്നു. എന്നാൽ, ഇപ്പോൾ അദ്ദേഹം വളരെ


• ഹദീഥുന്നബ്‌വിﷺ •

"അൽഅയ്മനു ഫൽ അയ്മനു."

വലതു ഭാഗത്തുള്ളവൻ വലതുഭാഗത്തുള്ളവൻതന്നെ.

ത്വാലിബെ ദുആ


Late DILSAD ABDULLATHEEF AND FAMILY KALLIKOTE

PATHAPPIRIYAM, MALAPURAM

• ഹദീഥുന്നബ്‌വിﷺ •

"അദ്ദുൻയാ മസ്റഅത്തുൽ ആഖിറ."

ഇഹലോകം പരലോകത്തിന്റെ കൃഷിയിടമാണ്.




ത്വാലിബെ ദുആ

DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD

VAYANASHALA, PATHAPPIRIYAM, KERALA

കുറച്ചു മാത്രമാണ് കഴിക്കുന്നത്. ഈ കാര്യം നബിﷺതിരുമേനിയുടെ അടുക്കലെത്തിയപ്പോൾ നബിﷺ തിരുമേനി പറഞ്ഞു: "രാവിലെവരെ ഥുമാമ സത്യനിഷേധികളെപ്പോലെയാണ് കഴിച്ചിരുന്നത്. ഇപ്പോൾ അദ്ദേഹം മുസ്‌ലിമീങ്ങളെപോലെ ഭക്ഷണം കഴിക്കുന്നു." തുടർന്ന് നബിﷺതിരുമേനി വിശദീകരണമായി പറഞ്ഞു: 'കാഫിർ അഥവാ സത്യനിഷേധി 7 കുടലിലൂടെയാണ് ഭക്ഷണം കഴിക്കുന്നത്. എന്നാൽ, മുസ്‌ലിം ഒരു കുടലിലൂടെ മാത്രമാണ് ഭക്ഷണം കഴിക്കുന്നത്.' ഇതുകൊണ്ട് നബിﷺതിരുമേനി പറഞ്ഞതിന്റെ വിവക്ഷിതം സത്യനിഷേധി ഭൗതിക സുഖത്തിൽ മാത്രം മുഴുകുകയും അതിൽ മാത്രം ആണ്ടു പോകുകയും ചെയ്യുന്നു. അതേസമയം ഒരു സത്യസന്ധനായ മുസ്‌ലിം തന്റെ ശാരീരികാവശ്യങ്ങൾക്ക് മാത്രം അഥവാ ജീവിതാവശ്യത്തിനു മാത്രമായി അതു പരിമിതപ്പെടുത്തുന്നു. കാരണം യഥാർഥ ആനന്ദം ദീൻ കരസ്ഥമാക്കുന്നതിലാണെന്ന് അയാൾക്കറിയാം. ഒരു കാര്യംകൂടി ഓർക്കേണ്ടിയിരിക്കുന്നു ഇവിടെ 7 എന്ന് പറഞ്ഞ എണ്ണം സാധാരണ കണക്കിൽ വരുന്ന 7 എന്ന അർഥത്തിലല്ല. മറിച്ച് അറബി ശൈലിയിൽ 7 എന്നത് ഒരുപാട് അല്ലെങ്കിൽ വളരെയധികം, അങ്ങേയറ്റം എന്നൊക്കെയുള്ള രീതിയിലാണ് ഉപയോഗിക്കപ്പെടുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഒരു സത്യനിഷേധി ഭൗതിക സുഖത്തിലാണ്ടു പോവുകയും അയാളുടെ മുഴുവൻ ശ്രദ്ധയും അതിൽ മാത്രമായിരിക്കുകയും ചെയ്യും. എന്നാൽ, ഒരു വിശ്വാസി ഭൗതികാനന്ദങ്ങളിൽനിന്ന് തന്നെ തടയുകയും തന്റെ അത്യാവശ്യത്തിന്റെ പരിധി വിട്ട് മുന്നോട്ട് പോകാതിരിക്കുകയും ചെയ്യും. കാരണം യഥാർഥ ആനന്ദത്തിന്റെ മൈതാനം മറ്റൊന്നാണെന്ന് അയാൾക്കറിയാം. ഈ അധ്യാപനം നബിﷺതിരുമേനിയുടെ പ്രകൃതിപരമായ ചായ്‌വിന്റേയും അവിടത്തെ വ്യക്തിപരമായ ഉൽകൃഷ്ടസ്വഭാവത്തിന്റേയും വളരെയധികം സത്യസന്ധമായൊരു കണ്ണാടിയാണ്.

മുസ്‌ലിമായതിനുശേഷം ഥുമാമ, നബിﷺതിരുമേനിയോടു പറഞ്ഞു: "യാ റസൂലല്ലാഹ്, അങ്ങയുടെ രണ്ടാളുകൾ എന്നെ ബന്ദിയാക്കിയ നേരത്ത് ഞാൻ കഅ്ബയിൽ ഉംറചെയ്യാൻ പോകുകയായിരുന്നു. ഇനി ഇപ്പോൾ എനിക്കെന്ത് കൽപ്പനയാണുള്ളത്? നബിﷺതിരുമേനി അദ്ദേഹത്തിന് അനുമതി നൽകുകയും ദുആ ചെയ്യുകയും ചെയ്തു. തുടർന്ന് ഥുമാമ മക്കയിൽ പോയി. അവിടെയെത്തിയപ്പോൾ അദ്ദേഹത്തിന്റെ വിശ്വാസവീര്യം തികച്ചും മറ്റൊരു രൂപത്തിലായിക്കഴിഞ്ഞിട്ടുണ്ടായിരുന്നു. എതിർപ്പിന്റെ കാലവും വിശ്വാസത്തിന്റെ ആവേശവും വ്യതിരിക്തമായി കാണപ്പെടുന്നുണ്ടായിരുന്നു. മക്കയിലെത്തി അദ്ദേഹം ഖുറയ്ശികൾക്കിടയിൽ പരസ്യമായി തബ്‌ലീഗ് ചെയ്യാൻ തുടങ്ങി. ആ കാഴ്ച്ച കണ്ടപ്പോൾ ഖുറയ്ശികളുടെ കണ്ണുകളിൽ രക്തം തിളയ്ക്കാൻ തുടങ്ങി. അവർ ഥുമാമയെ പിടിച്ച് കൊല്ലണമെന്ന് ആഗ്രഹിച്ചു. പക്ഷേ, അദ്ദേഹം യമാമയിലെ നേതാവായിരുന്നു. യമാമയുമായി മക്കക്കാർക്ക് വളരെ ആഴത്തിലുള്ള കച്ചവട ബന്ധങ്ങളുമുണ്ട്. അതേക്കുറിച്ചു ആലോചിച്ചപ്പോൾ അവർ തങ്ങളുടെ ഉദ്യമത്തിൽ നിന്ന് പിന്തിരിയുകയും ഥുമാമയെ ചീത്ത വിളിച്ചു ഒഴിവാക്കുകയും ചെയ്തു. പക്ഷേ, ഥുമാമയുടെ പ്രകൃതത്തിൽ നല്ല ആവേശമുണ്ടായിരുന്നു. നബിﷺതിരുമേനിക്കും സ്വഹാബാക്കൾക്കുമെതിരിൽ ഖുറയ്ശികൾ ചെയ്തു വന്നിരുന്ന ദ്രോഹങ്ങളെല്ലാം ഥുമാമയുടെ കൺമുമ്പിലുണ്ടായിരുന്നു. അദ്ദേഹം മക്കയിൽനിന്ന് പോകുമ്പോൾ ഖുറയ്ശികളോടു പറഞ്ഞു:

"അല്ലാഹുവാണെ സത്യം! മേലിൽ യമാമയിൽനിന്ന് നിങ്ങൾക്ക് ഒരു മണി ധാന്യംപോലും നബിﷺതിരുമേനിയുടെ അനുമതി ഇല്ലാതെ കിട്ടുന്നതല്ല."

തന്റെ നാട്ടിലെത്തി ഥുമാമ മക്കയിലേക്കുള്ള യമാമയുടെ കച്ചവട സംഘങ്ങളുടെ പോക്കുവരവ് തടഞ്ഞു. മക്കയിലേക്കുള്ള ഭക്ഷണത്തിന്റെ ഒരു വലിയ പങ്കും യമാമയിൽ നിന്നാണ് വന്നിരുന്നത്. അതുകൊണ്ട് ഈ കച്ചവടം മുടങ്ങിയപ്പോൾ മക്കയിലെ ഖുറയ്ശികൾ കഠിനമായ പ്രയാസത്തിൽ അകപ്പെട്ടു. കൂടുതൽ സമയം ആകുന്നതിനുമുമ്പേ അവർ പരിഭ്രാന്തരായി നബിﷺതിരുമേനിയ്ക്ക് ഒരു കത്തയച്ചുകൊണ്ട് പറഞ്ഞു: "അങ്ങ് എപ്പോഴും ബന്ധുത്വത്തെക്കുറിച്ച് കൽപ്പന നൽകുന്നു. ഞങ്ങൾ അങ്ങയുടെ അടുത്ത ബന്ധുക്കളാണ്. ഞങ്ങളെ ഈ പ്രയാസത്തിൽനിന്ന് രക്ഷിച്ചാലും. ആ നേരത്ത് മക്കയിലെ ഖുറയ്ശികൾ വളരെയേറെ അസ്വസ്ഥതയിലുമായിരുന്നു. അതുകൊണ്ട് അവർ കത്തയച്ചതിൽ മാത്രം തൃപ്തരായില്ല. കൂടാതെ തങ്ങളുടെ നേതാവായ അബൂ സുഫിയാൻ ബിൻ ഹർബിനെ നബിﷺതിരുമേനിയുടെ അടുത്തുപോയി നേരിട്ട് ഇക്കാര്യം സംസാരിക്കുന്നതിനും അയച്ചു. അദ്ദേഹം അവിടെയെത്തി വളരെ കരഞ്ഞു വിലപിച്ച് തങ്ങളുടെ പ്രയാസം അറിയിക്കുകയും കാരുണ്യം യാചിക്കുകയും ചെയ്തു.

തുടർന്ന് നബിﷺതിരുമേനി മക്കക്കാരുടെ ഭക്ഷ്യസാധനങ്ങളുമായി പോകുന്ന ഖുറയ്ശികളുടെ സംഘങ്ങളെ തടയരുതെന്ന നിർദേശം ഥുമാമ ബിൻ ഉഥ്ഥാലിന് നൽകി. അങ്ങനെ ഈ കച്ചവടം വീണ്ടും തുടർന്ന് പോന്നു. മക്കക്കാർക്ക് ഈ പ്രയാസത്തിൽനിന്ന് മോചനവും കിട്ടി. ഈ സംഭവം നബിﷺതിരുമേനിയുടെ അനുപമമായ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും പൊറുമയുടെയും വ്യക്തമായ സാക്ഷ്യമാകുന്നു. അവിടെ മറ്റൊരു കാര്യം കൂടി വ്യക്തമാകുന്നുണ്ട്. തുടക്കത്തിൽ നബിﷺതിരുമേനി ഖുറയ്ശി സംഘങ്ങളെ തടഞ്ഞുകൊണ്ടിരുന്നു. പക്ഷേ, അതിന്റെ ലക്ഷ്യം ഖുറയ്ശികളെ പട്ടിണിയിൽ അകപ്പെടുത്തി നശിപ്പിക്കുകയായിരുന്നില്ല. പ്രത്യുത മദീനയുടെ പ്രാന്തപ്രദേശങ്ങളെ ഖുറയ്ശികളിൽ നിന്നുണ്ടാകുന്ന അപകടത്തിൽനിന്ന് സംരക്ഷിക്കുക മാത്രമായിരുന്നു. ഈ സംഭവത്തിൽ നിന്ന് തെളിയുന്ന മറ്റൊരു കാര്യം ഇസ്‌ലാമിക അധ്യാപനങ്ങളുടെ വെളിച്ചത്തിൽ യുദ്ധത്തിലെ എതിരാളിയാണെങ്കിൽപ്പോലും പൊതുവായ സാഹചര്യത്തിൽ അവരുമായുള്ള എല്ലാ ഇടപാടുകളും അവസാനിപ്പിച്ച് അവർക്ക് അന്നപാനീയങ്ങൾ എത്തുന്നതിൽനിന്ന് തടയുന്നത് അഭികാമ്യമല്ല. യുദ്ധസാമഗ്രികൾ അതല്ലെങ്കിൽ അത്യാവശ്യമുള്ള ഭക്ഷണ സാധനങ്ങൾ അല്ലാതെയുള്ള മറ്റു സാധനങ്ങൾ കൊണ്ടുവരുന്നത് യുദ്ധസാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ തടയാവുന്നതാണ്."

എന്നാൽ, ഇന്നത്തെ ലോകം അത്ഭുതകരമായ തമാശ ഉണ്ടാക്കിവെച്ചിരിക്കുകയാണ്. ദരിദ്രരായ ജനങ്ങളിൽ, ഒന്നും ലഭിക്കാത്ത സാധാരണക്കാരിൽ ഭക്ഷണ സാമഗ്രികൾ യുദ്ധാവസരത്തിലെത്താൻ അനുവദിക്കുന്നില്ല. പിന്നെ അവിടെ തീവ്രവാദമാണെന്നെല്ലാം പറഞ്ഞുകൊണ്ട് ഒഴികഴിവ് പ്രകടിപ്പിക്കുന്നു. എന്നാൽ, ഇതൊക്കെ ഭൗതികരായ ആളുകളുടെ നിലപാടാണ്. ഇസ്‌ലാമിക അധ്യാപനമല്ല. ശത്രുക്കൾ മുസ്‌ലിമീങ്ങളുടെ ഭക്ഷണം തടയുകയാണെങ്കിൽപ്പിന്നെ വിശുദ്ധ ഖുർആന്റെ അടിസ്ഥാനപരമായ പാഠം ഇപ്രകാരമാകുന്നു. ***ജസാഉ സയ്യിഅത്തിൻ സയ്യിഅത്തുൻ മിഥ്‌ലുഹാ*** (16:130) എന്നതിന്റെ അടിസ്ഥാനത്തിൽ അത് തടയുന്നത് അനുവദനീയമായിരിക്കും. അത് പ്രതികാരത്തിന് പ്രതികാരം എന്ന നിലയ്ക്ക് മാത്രമാണ്.

പറഞ്ഞു വന്നതുപോലെ ഥമാമ ബിൻ ഉഥ്ഥാൽ തന്റെ നാട്ടിലെ വളരെ സ്വാധീനമുള്ള ഒരു നേതാവായിരുന്നു. അദ്ദേഹത്തിന്റെ ആവേശഭരിതമായ തബ്‌ലീഗ് കാരണം യമാമയിലെ നിരവധി യാളുകൾ ഇസ്‌ലാമിൽ പ്രവേശിച്ചു. പിന്നീട് നബിﷺതിരുമേനിയുടെ വഫാത്തിനോടടുത്തും, ഹദ്റത്ത് അബൂബക്റിന്റെ ഖിലാഫത്ത് കാലഘട്ടത്തിന്റെ ആരംഭത്തിലും വ്യാജ നുബുവ്വത്ത് വാദിയായ മുസയ്‌ലിമ ത്തുൽ കദ്ദാബിന്റെ പിന്നിൽ യമാമയിലെ ഒരുപാട് ഗ്രാമീണ വാസികൾ ഇസ്‌ലാമിൽനിന്ന് മുർത്തദ്ദായെങ്കിലും ഥുമാമ ഇസ്‌ലാമിൽ ശക്തമായി ഉറച്ചു നിന്നു. കൂടാതെ അദ്ദേഹം തന്റെ ആവേശഭരിതമായ പ്രയത്നം മുഖേന നിരവധിയാളുകളെ മുസയ്‌ലിമയുടെ ദ്രോഹത്തിൽനിന്ന് സംരക്ഷിച്ച്

ഹദീഥുന്നബവ്വിﷺ
"അൽഖാലത്തു വാലിദത്തുൻ."
മാതൃസഹോദരിയും മാതാവ് തന്നെയാണ്.
TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

ഹദീഥുന്നബവ്വിﷺ
"ബജ്ജിലുൽ മശാഇഖ."
പ്രായമുള്ളവരെ ബഹുമാനിക്കുക.
tectona
feel more confidence
tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com
Layout : HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ — Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-10 Thursday 23 January 2025 Issue-04

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

ഇസ്‌ലാമിക പതാകയ്ക്കു കീഴിൽ കൊണ്ടുവരികയും മുസയ്‌ലിമയുടെ ഫിത്ന ഇല്ലാതാക്കാൻ വളരെ പ്രകടമായ രീതിയിൽ സേവനങ്ങൾ അനുഷ്ഠിക്കുകയും ചെയ്തു. ഇതാണ് ഈ സരിയ്യ അഥവാ നബിﷺതിരുമേനി നിയോഗിച്ച സൈന്യത്തിന്റെ മൊത്തത്തിലുള്ള വിവരണം.

ഇന്ന് കുറച്ച് ജനാസകളും നമസ്ക്കരിപ്പിക്കാനുണ്ട്. ഒരു ജനാസ ഹാളിറാണ്. ജനാസ എത്തിയിട്ടുണ്ടോ?

ജനാസ ഹാളിർ അബ്ദുല്ലത്വീഫ് ഖാൻ സാഹിബിന്റേതാണ്. ഇദ്ദേഹം മിഡിൽസീക്സ് റീജിയണിലെ അമീറായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഡിസംബർ 11-ന് 85-ാമത്തെ വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ഇദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്عليه السلامന്റെ സ്വഹാബി ഹദ്റത്ത് മുഹമ്മദ് ളുഹൂർ ഖാൻ സാഹിബ് പട്ടിയാലവിയുടെ മകനും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്رضي الله عنهന്റെ ഡോക്ടറായ ഹദ്റത്ത് ഡോക്ടർ ഹശ്മത്തുല്ലാഹ് ഖാൻ സാഹിബ്رضي الله عنهന്റെ സഹോദരപുത്രനുമായിരുന്നു. ഡോക്ടർ ഹശ്മത്തുല്ലാഹ് ഖാൻ സാഹിബ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്رضي الله عنهന്റെ ഡോക്ടറായിരുന്നു.

അബ്ദുൽ ലത്വീഫ് ഖാൻ സാഹിബ് യു.കെ ജമാഅത്തിലെ ആദ്യകാല അംഗങ്ങളിൽപ്പെട്ട ആളാകുന്നു. അമ്പത്തിയഞ്ച് വർഷത്തോളം തദ്ദേശ-കേന്ദ്ര തലങ്ങളിൽ സേവനത്തിന് തൗഫീഖ് ലഭിച്ചിട്ടുണ്ട്. ഹോൺസലോ ജമാഅത്തിന്റെ പ്രഥമ സ്വദ്റായിരുന്നു. അതുകൂടാതെ ദേശീയതലത്തിൽ വസ്വായ സെക്രട്ടറി, തബ്‌ലീഗ് സെക്രട്ടറി, രശ്തഃ നാത്വഃ സെക്രട്ടറി എന്നീ നിലകളിലും റീജിയണൽ അമീറായും സേവനം ചെയ്തിട്ടുണ്ട്.

മർഹൂം നമസ്കാരം നോമ്പ് കാര്യങ്ങളിൽ കൃത്യനിഷ്ഠയുള്ളയാളും സൽസ്വഭാവത്തിന് ഉടമയുമായിരുന്നു. സഹാനുഭൂതിയും സൗഹൃദവും ആകർഷകമായ സംസാരശൈലിയും അധ്വാനിയും അനുസരണശീലവും ആത്മാർഥതയുമുള്ള നല്ല വ്യക്തിയുമായിരുന്നു. ഖിലാഫത്തുമായി വളരെ ആഴത്തിലുള്ള ബന്ധവും വിശ്വാസവുമുണ്ടായിരുന്നു. ജമാഅത്തി സേവനങ്ങൾക്ക് എപ്പോഴും തയ്യാറായിരുന്നു. തന്റെ റീജിയണിൽ ഉണ്ടാക്കുന്ന എല്ലാ മസ്ജിദുകൾക്കും സംഭാവന സ്വരൂപിക്കുന്നതിൽ വളരെ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. തബ്‌ലീഗിലും വലിയ താൽപര്യമായിരുന്നു. ഹൗൺസലോയിലെ ഹിന്ദുക്കളുമായും സിഖുകാരുമായും നല്ല ബന്ധമായിരുന്നു. എപ്പോഴും ജമാഅത്തിന്റെ പരിപാടികളിൽ അവരുടെ ഒരുപാടാളുകളെയും കൊണ്ട് വന്നിരുന്നു. മർഹൂം മൂസ്വിയായിരുന്നു. സന്തപ്ത കുടുംബത്തിൽ രണ്ട് പെൺമക്കളും നാല് ആൺമക്കളുമുണ്ട്. അദ്ദേഹത്തിന്റെ ആൺമക്കൾ ജമാഅത്തിന്റെ ജോലിയിലാണുള്ളത്. നിരവധി പേരക്കുട്ടികളുമുള്ള നല്ല വലിയ കുടുംബമാണ്. അല്ലാഹു അദ്ദേഹത്തോട് പൊറുമയോടും കരുണയോടും വർത്തിക്കുമാറാകട്ടെ. മക്കളെയും അദ്ദേഹത്തിന്റെ തലമുറകളെയും ഖിലാഫത്തിനോടും ജമാഅത്തിനോടും കൂറുള്ള ബന്ധത്തിൽ നിലനിറുത്തുമാറാകട്ടെ.

രണ്ടാമത്തെ ജനാസ ഗായിബാണ്. ഇത് ത്വയ്യിബ് അഹ്മദ്സാഹിബ് ശഹീദ് ഇബ്നു മൻള്വൂർ അഹ്മദ് സാഹിബ് രാജൻപൂർ റാവൽപിണ്ടിയുടേതാണ്. ത്വയ്യിബ് അഹ്മദ് സാഹിബിനെ റാവൽപിണ്ടിയിൽ ഒരു അഹ്മദിയ്യാ വിരോധി ഡിസംബർ അഞ്ചിന് മഴുകൊണ്ട് വെട്ടി ശഹീദാക്കുകയാണ് ചെയ്തത്. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.*

ത്വയ്യിബ് അഹ്മദ് ശഹീദ് ഏതാനും ദിവസം മുമ്പേ രാജൻപൂരിൽ നിന്ന് റാവൽപിണ്ടിയിൽ തന്റെ സഹോദരൻ ത്വാഹിർ അഹ്മദ് ഖമറിന്റെ റാവൽപിണ്ടിയിലെ കച്ചവടത്തിൽ സഹായിക്കുന്നതിന് എത്തിയതായിരുന്നു. ശഹീദ് മർഹൂം സഹോദരന്റെ കടയിൽ ഇരിക്കുകയായിരുന്നു. അപ്പോൾ ഒരാൾ വന്ന് അദ്ദേഹത്തോട് തർക്കിക്കാൻ തുടങ്ങി. ശഹീദ് മർഹൂം അയാളോടു പറഞ്ഞു. നിങ്ങൾ ഞാനുമായി തർക്കിക്കുന്നതെന്തിനാണ്? ഞാൻ ഇവിടെ അതിഥിയായി വന്നതാണ്. പക്ഷേ, എന്നിട്ടും അയാൾ അദ്ദേഹത്തെ ആക്രമിക്കുകയും അദ്ദേഹത്തിന്റെ തലയിലും കഴുത്തിലും പുറത്തും മഴുകൊണ്ട് വെട്ടുകയും ചെയ്തു. അങ്ങനെ ത്വയ്യിബ് അഹ്മദ് സാഹിബ് തൽക്ഷണം ശഹീദായി. ത്വാഹിർ അഹ്മദ് ഖമർ സാഹിബ് അൽപ്പം ദൂരെയായിരുന്നു. തന്റെ സഹോദരനെ രക്ഷിക്കാൻ അവിടെയെത്തി. അക്രമി അദ്ദേഹത്തിന് നേരെയും മഴുവുമായി നീങ്ങി. അദ്ദേഹം വളരെ പ്രയാസകരമായ രീതിയിൽ തന്നെ രക്ഷിച്ചു. ഈ സംഭവത്തിനിടയിൽ അക്രമി ജമാഅത്തിന്നെതിരിൽ മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു. 'ഖാദിയാനികളെ, നിങ്ങളോട് ഈ സ്ഥലം വിട്ടു പോകണമെന്ന് പല തവണ പറഞ്ഞതല്ലേ' എന്നെല്ലാം പറയുന്നുണ്ടായിരുന്നു. ഏതായാലും അയാൾ സംഭവത്തിനുശേഷം ഓടിപ്പോയി. പക്ഷേ, പോലീസ് അയാളെ പിടികൂടിയിട്ടുണ്ട്. ഇനി കേസ് എന്താകുമെന്ന് നോക്കാം.

ശഹീദ് മർഹൂമിന്റെ സഹോദരൻ ത്വാഹിർ അഹ്മദും കുടുംബത്തിലെ മറ്റംഗങ്ങളും കച്ചവടാവശ്യാർഥം റാവൽപിണ്ടിയിലാണ് താമസിച്ചിരുന്നത്. കഴിഞ്ഞ വർഷം എതിർപ്പും ഭീഷണിയും കാരണം ഈ കുടുംബത്തിന് നാലുതവണ കച്ചവടസ്ഥലം മാറ്റേണ്ടി വന്നിട്ടുണ്ട്. മൂന്നുമാസം മുമ്പേ അവരുടെ താമസസ്ഥലവും ഒഴിപ്പിച്ചിരുന്നു. പലതവണ എതിരാളികൾ കല്ലേറിയുകയും കച്ചവടത്തിൽ നഷ്ടം വരുത്താൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. അടിസ്ഥാനരഹിതമായ ആരോപണങ്ങളുന്നയിച്ചുകൊണ്ട് അവർക്കെതിരിൽ കൊടുക്കുന്ന അപേക്ഷകളനുസരിച്ച് പോലീസ് പലപ്പോഴും അവരെ വിളിച്ചു വരുത്താറുണ്ടായിരുന്നു. ഈ എല്ലാ അവസ്ഥകളെയും അവർ വളരെ ധൈര്യസമേതം നേരിടുന്നു.

ശഹീദ് മർഹൂമിന്റെ കുടുംബത്തിൽ അദ്ദേഹത്തിന്റെ പ്രപിതാമഹൻ ഉമറുദ്ദീൻ സാഹിബ് ഓഫ് ഖാദിയാൻ മുഖേനയാണ് അഹ്മദിയ്യത്തെത്തിയത്. ശഹീദിന്റെ പിതാമഹൻ അഹ്മദ് ദീൻ സാഹിബിന് മിസ്തിരി എന്ന നിലക്ക് മിനാരത്തുൽ മസീഹിന്റെ നിർമാണത്തിലും ഭാഗഭാക്കാകാൻ കഴിഞ്ഞിട്ടുണ്ട്. ഫുർഖാൻ ബറ്റാലിയനിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. പാകിസ്താൻ രൂപീകരണ സമയത്ത് ഹിജ്റത്ത് വേളയിൽ ഖലീഫത്തുൽ മസീഹ് ഥാനീ رضي الله عنهയുടെ സംഘത്തിലുമുണ്ടായിരുന്നു. ഇദ്ദേഹം പാകിസ്താനിൽ വന്ന് റഹീം യാർ ഖാൻ ജില്ലയിലെ കന്താർസിങ്ങ് എന്ന സ്ഥലത്ത് ജമാഅത്ത് സ്ഥാപിക്കുകയും അവിടെ ജമാഅത്ത് സ്വദ്റായി സേവനമനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്. അഹ്മദിയ്യാ മസ്ജിദിന്റെ നിർമാണത്തിലും പ്രകടമായ പങ്ക് നിർവഹിച്ചിട്ടുണ്ട്.

ശഹീദ് മർഹൂം രോഗിയായ കാരണത്താൽ വിദ്യാഭ്യാസം ആർജിച്ചിട്ടില്ല. പക്ഷേ, എഴുത്തും വായനയും അറിയാമായിരുന്നു. ലളിത സ്വഭാവമുള്ള വ്യക്തിയായിരുന്നു. കൃഷിപ്പണിയും മറ്റുമായിരുന്നു അദ്ദേഹത്തിന്റെ ജോലി. അഞ്ചുനേരം നമസ്കാരങ്ങളിലും തഹജ്ജുദിലും ശുഷ്കാന്തി കാണിക്കുകയും വീട്ടിലെ എല്ലാവരെയും നമസ്കാരകാര്യത്തിൽ ഉപദേശിക്കുകയും ചെയ്തിരുന്നു. ഖിലാഫത്തിനോട് അനിതരസാധാരണമായ സ്നേഹമായിരുന്നു. മാതാപിതാക്കളെയും നല്ലപോലെ സഹായിച്ചിരുന്നു. കുടുംബക്കാരോടുള്ള സഹാനുഭൂതി പ്രകടമായിരുന്നു. ജുമുഅ നമസ്കാര കാര്യത്തിൽ പ്രത്യേക ശുഷ്കാന്തി കാണിക്കുകയും ആദ്യസമയത്തുതന്നെ മസ്ജിദിലെത്തുകയും ചെയ്തിരുന്നു. ശഹീദ് മർഹൂമിന്റെ പിതാവ് മൻസൂർ സാഹിബ് പറയുന്നു. ചെറുപ്രായത്തിൽ ഒരിക്കൽ ഇദ്ദേഹം ഇശാ നമസ്കരിക്കാതെ കിടന്നുറങ്ങി. രാത്രിയിൽ ആരോ വന്ന് ശക്തമായി ഉണർത്തിക്കൊണ്ട് എന്തുകൊണ്ടാണ് നമസ്കരിക്കാത്തത് എന്ന് ചോദിക്കുന്നു. അതിന് ശേഷം അദ്ദേഹം നമസ്കാരങ്ങൾ ഉപേക്ഷിച്ചിട്ടില്ല. മാത്രമല്ല തഹജ്ജുദിന്റെ കാര്യത്തിലും ശുഷ്കാന്തി കാണിച്ചിരുന്നു.

അദ്ദേഹത്തിന്റെ ഭാര്യ ഗസാല സാഹിബ പറയുന്നു. അഞ്ചാറ് വർഷം മുമ്പേയാണ് വിവാഹം നടന്നത്. അദ്ദേഹം പ്രത്യേകമായും എന്നെ ഉപദേശിച്ചിട്ടുണ്ടായിരുന്നത് നമസ്കാരം അനുഷ്ഠിക്കുന്നതിൽ കൃത്യനിഷ്ഠ പാലിക്കണമെന്നായിരുന്നു.

ജില്ലാ മുബല്ലിഗ് മഹ്മൂദ് അഹ്മദ് റിൻദ് സാഹിബ് പറയുന്നു, ശഹീദ് മർഹൂമിനെ ആദ്യമായി കാണുമ്പോൾ അദ്ദേഹം പറഞ്ഞു, ഞാൻ ജമാഅത്തിന്റെ സേവനങ്ങൾക്കെപ്പോഴും തയ്യാറാണ്. എന്റെ ആവശ്യമുണ്ടെങ്കിൽ തീർച്ചയായും എന്നോടു പറയണം. ഇദ്ദേഹം വഖ്ഫു ചെയ്തിരുന്നവരെ നല്ലപോലെ സ്നേഹിക്കുന്ന, മിതഭാഷിയായ വ്യക്തിയായിരുന്നു. മസ്ജിദിൽ വരുമ്പോൾ സുന്നത്ത് നമസ്കരിച്ചതിനുശേഷം ദൈവസ്മരണയിൽ മുഴുകു

ശേഷം പേജ് 8 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin